# താമരമൊട്ടുകൾ

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ



വാല്യം 28  സെപ്റ്റംബർ 2026  ലക്കം 9  Price: 20

# BISHOP'S PROGRAMME

## September 2026

| | | |
|---|---|---|
| 1-10 | | Out of Station |
| 11 | 06.30 | PMOC |
| | 18:00 | Pullooorampara |
| 12 | 09:15 | Vettilappara |
| | 12:00 | Pullooorampara |
| | 18:00 | Marikunnu |
| 13 | | Mankavu |
| | 19:00 | Thamarassery |
| 14 | 11:00 | Thiruvambady |
| | 19:00 | Thamarassery |
| 15 | 06:15 | Thamarassery |
| | 10:30 | Thamarassery |
| | 19:00 | Thamarassery |
| 16 | 06:30 | Vilangadu |
| | 10:30 | Thamarassery |
| | 11:30 | MMPC |
| | 18:00 | Thamarassery |
| 17 | 10:00 | Kozhikode |
| | 15:00 | Koodaranji |
| 18 - 30 | | Engaged |

# താമരമൊട്ടുകൾ

Thamarassery Diocesan Bullettin

**September 2026**

**Volume: 28 - Issue 09**

**Chief Editor**

**Chancellor**

**Diocese of Thamarassery**

Thamarassery, Kozhikode - 673 573

Tel: 0495 - 2223376, 2963370

email: diocesetmy09@gmail.com

www.thamarassserydiocese.com

## ഉള്ളടക്കം

| | | |
|---|---|---|
| 1. | ആശംസകൾ | 606 |
| 2. | പ്രോഗ്രാം | 608 |
| 3. | സർക്കുലർ 17/2026 | 609 |
| 4. | സർക്കുലർ 16/2026 | 613 |
| 5. | കച്ചേരിക്കാര്യം | 617 |
| 6. | പാവനസ്മരണയ്ക്ക് | 620 |
| 7. | ഡിക്രി | 621 |
| 8. | ആദരാഞ്ജലികൾ | 623 |
| 9. | സമുദായ ശക്തീകരണവർഷം | 626 |
| 10. | വിശ്വാസപരിശീലനം | 631 |
| 11. | സെമിനാരി വാർത്തകൾ | 634 |
| 12. | യൂദിത്ത് ഫോറം | 636 |
| 13. | കരുണാഭവൻ | 636 |
| 14. | ചെറുപുഷ്പ മിഷൻലീഗ് | 637 |
| 15. | CAMP | 639 |
| 16. | സ്മാർട്ട് | 640 |
| 17. | കെസിവൈഎം-എസ്എംവൈഎം | 641 |
| 18. | കത്തോലിക്ക കോൺഗ്രസ് | 643 |
| 19. | കരിസ്മാറ്റിക് മൂവ്മെന്റ് | 644 |
| 20. | എയ്ഡർ എഡ്യൂകെയർ | 645 |
| 21. | ബഥാനിയ ധ്യാനകേന്ദ്രം | 647 |
| 22. | മദ്യ-ലഹരി വിമുക്തസമിതി | 650 |
| 23. | ജീസസ് ഫ്രട്ടേണിറ്റി | 651 |
| 24. | ബൈബിൾ അപ്പസ്തോലേറ്റ് | 652 |
| 25. | കുടുംബകൂട്ടായ്മ | 653 |
| 26. | മാതൃവേദി | 654 |
| 27. | മരിയൻ പ്രോലൈഫ് | 655 |
| 28. | അൽഫോൻസ കോളേജ് | 656 |
| 29. | വിദ്യാഭ്യാസരംഗം | 658 |
| 30. | സ്റ്റാർട്ട് | 661 |
| 31. | ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 663 |
| 32. | വികസനവേദി | 664 |
| 33. | ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് | 666 |
| 34. | TAFCOS | 667 |
| 35. | IFAE | 668 |
| 36. | തീർഥയാത്രകൾ | 669 |
| 37. | ഇൻഫാം | 670 |
| 38. | യേശുനിധി | 671 |
| 39. | അജപാലനകുറിപ്പുകൾ | 672 |





# Birthday Greetings

## Rev. Fathers

| | | |
|---|---|---|
| Anikkudiyil Abraham | September | 1 |
| Puthiyedath Francis | | 3 |
| Puthenpurackal Jacob | | 5 |
| Thoomullil Mathew | | 5 |
| Malapravanal Thomas | | 8 |
| Pothanamuzhiyil Joseph | | 9 |
| Kuttikatt George | | 13 |
| Pulimoottil Mathew (Jr) | | 14 |
| Mannancheril Joseph | | 17 |
| Parathottathil Sebastian | | 18 |
| Eyyalil Thomas | | 21 |
| Chirakandathil Jose | | 24 |
| Kalathil Joseph | | 26 |
| Karukamalil George | | 27 |
| Areethara Jacob | | 29 |

**Mar Remigiose Inchananiyil**




# Feast Day Greetings

## Rev. Fathers

| | | |
|---|---|---|
| Kiliyanparambil Joseph | September | 18 |
| Chembuthookil Mathew | | 21 |
| Cheruvelil Mathew | | 21 |
| Choorapoikayil Mathew | | 21 |
| Kandassamkunnel Mathew | | 21 |
| Kollamparambil Mathew | | 21 |
| Kottackal Mathew | | 21 |
| Koramkott Mathew | | 21 |
| Kulathingal Mathew | | 21 |
| Mangalamadathil Mathew | | 21 |
| Mulangassery Mathew | | 21 |
| Munjanatt Mathew | | 21 |
| Nezhukumkattil Mathew | | 21 |
| Nirappel Mathew | | 21 |
| Panachipuram Mathew | | 21 |
| Panachickal Mathew | | 21 |
| Peruvelil Mathew | | 21 |
| Pulimoottil Mathew (Sr) | | 21 |
| Pulimoottil Mathew (Jr) | | 21 |
| Thadathil Mathew | | 21 |
| Thekkumcherikunnel Mathew | | 21 |
| Thekkekaramattathil Mathew | | 21 |
| Thittayil Mathew | | 21 |
| Thoomullil Mathew | | 21 |
| Thuravakkal Mathew | | 21 |
| Ezhanikatt Vincent | | 27 |
| Kandathil Vincent | | 27 |
| Karukamalil Vincent | | 27 |
| Neelamparambil Michael | | 29 |

**Mar Remigiose Inchananiyil**



# പ്രോഗ്രാം

**സെപ്റ്റംബർ 2026**

| | |
|---|---|
| 01 ചൊവ്വ | **എട്ടുനോമ്പാരംഭം** |
| 05 ശനി | **വി. മദർ തെരേസ**<br>ചരമദിനം: ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം (2007) |
| 06 ഞായർ | മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ചരമവാർഷികം |
| 08 ചൊവ്വ | **പരി. കന്യകമറിയത്തിന്റെ ജനനത്തിരുനാൾ** |
| 09 ബുധൻ | മിഷൻലീഗ്: ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം |
| 10 വ്യാഴം | പ്രീകാനാ കോഴ്സ് (10-12) |
| 11 വെള്ളി | ജീവിത വിശുദ്ധീകരണ ധ്യാനം (11-14) |
| 12 ശനി | വി. ജോൺ ക്രിസോസ്തോം |
| 14 തിങ്കൾ | **വി. കുരിശിന്റെ പുകഴ്ച** |
| 15 ചൊവ്വ | ദൈവാലയ ശുശ്രൂഷികളുടെ സംഗമം |
| 16 ബുധൻ | അക്കൗണ്ടന്റ്മാരുടെ സംഗമം |
| 17 വ്യാഴം | മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ചരമവാർഷികം |
| 18 വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ |
| 21 തിങ്കൾ | **വി. മത്തായി ശ്ലീഹാ** |
| 22 ചൊവ്വ | ചരമദിനം: ഫാ. ദേവസ്യ വലിയപറമ്പിൽ (2022) |
| 25 വെള്ളി | ജീവിത വിശുദ്ധീകരണ ധ്യാനം (25-28) |
| 26 ശനി | **വി. വിൻസെന്റ് ഡി പോൾ** |
| 28 തിങ്കൾ | ചരമദിനം: ഫാ. ജോസഫ് കാപ്പിൽ (2024) |
| 29 ചൊവ്വ | **മിഖായേൽ, ഗബ്രിയേൽ, റാഫേൽ മാലാഖമാർ** |
| 30 ബുധൻ | വി. ജെറോം, ചരമദിനം: ഫാ. ജോൺ മണലിൽ (2021) |

# ഒക്ടോബർ ജപമാലമാസം

*സർക്കുലർ 17/2026*

*മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ, വത്സല കുഞ്ഞുങ്ങളേ,*

പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥ്യംതേടി പ്രാർഥനയുടെ പരിമളമുയരുന്ന ജപമാല മാസാചരണത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ദിവ്യകാരുണ്യസന്നിധിയിൽ പ്രഭാതത്തിലും സായാഹ്നത്തിലും കൃപയുടെയും വിശുദ്ധിയുടെയും ദിനങ്ങളായി മാറുന്ന പുണ്യനിമിഷങ്ങൾ സമ്മാനിക്കുന്നതാണ് ഈ കാലഘട്ടം. ക്രിസ്തുവിനെ ലോകത്തിന് ആദ്യമായി പരിചയപ്പെടുത്തിയ പരിശുദ്ധ മറിയത്തെ, പുൽത്തൊട്ടിയിൽ അരുമസുതന്റെ 'അമ്മേ' എന്ന വിളിക്ക് ആദ്യമായി പ്രത്യുത്തരം നല്കിയ പരിശുദ്ധ അമ്മയെ, കാൽവരിയിലെ തന്റെ മാതൃത്വത്തിന്റെ കരങ്ങളിലേക്ക് ലോകത്തെ മുഴുവൻ ഏറ്റുവാങ്ങിയ കന്യകാമറിയത്തെ, നാം ഓർക്കുകയും അവളുടെ മാതൃസഹായം അപേക്ഷിക്കുകയും ചെയ്യുന്ന അവിസ്മരണീയ ദിനങ്ങളാണിത്. ഒക്ടോബർ മാസത്തിലെ ജപമാലയാചരണം നമ്മുടെ കുടുംബങ്ങളുടെയും രൂപതയുടെയും ആത്മീയ വളർച്ചയിൽ എന്നും ഫലദായകമാകട്ടെയെന്ന് പ്രാർഥിക്കുന്നു.

ഈശോ മനുഷ്യന്റെ രൂപവും വികാരവിചാരങ്ങളും സ്വീകരിച്ചത് പരിശുദ്ധ അമ്മയിൽ നിന്നാണ്. ശ്ലീഹന്മാരാകട്ടെ, കന്യകാമറിയത്തിന്റെ നേതൃത്വത്തിലും സാന്നിധ്യത്തിലുമാണ് ദൈവാത്മാവിനാൽ സന്നിവേശിപ്പിക്കപ്പെട്ടത് (അപ്പ 1,14). നിരാശരായിരുന്ന ശ്ലീഹന്മാർ പരിശുദ്ധാത്മ ശക്തിയാൽ പ്രചോദിതരായി ഉണർവോടെ ദൈവവചനം പ്രസംഗിക്കാൻ ധൈര്യമാർജിച്ചു. അവരെ ശ്രവിച്ച വിവിധ ദേശങ്ങളിൽനിന്നുള്ളവർ പരസ്പരം അനുരഞ്ജനപ്പെട്ട് ഒരു സമൂഹമായി സുവിശേഷത്തെ സർവദേശങ്ങളിലും സുപരിചിതമാക്കി. ഈ സമുദായ ശക്തീകരണവർഷത്തിൽ അപ്പസ്തോലന്മാരെപ്പോലെ

പരിശുദ്ധ അമ്മയുടെ തണലിൽ നാം അഭയംതേടി ഒരുമയുടെയും പരസ്പരസ്നേഹത്തിന്റെയും ആത്മാവിനെ സ്വന്തമാക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. മറിയത്തിന്റെ സാമിപ്യത്തിലാണ് വി. എലിസബത്തും അവൾ ഉദരത്തിൽ വഹിച്ച ശിശുവും ആത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുന്നത് (ലൂക്കാ 1, 39-45). "എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തുവരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്?" (ലൂക്കാ 1, 43) എന്ന് ഉദ്ഘോഷിച്ച വി. എലിസബത്തിനെപ്പോലെ, പരിശുദ്ധ അമ്മയുടെ സാന്നിധ്യത്താൽ സ്നേഹോഷ്മളമായ സാഹോദര്യവും കരുതലും ആർദ്രതയും അനുഭവിക്കാൻ നമ്മുടെ കുടുംബങ്ങൾക്കും കൂട്ടായ്മകൾക്കും ഇടവകയ്ക്കും സാധിക്കട്ടെ. പ്രസ്തുത ആവശ്യങ്ങൾ സമുദായ ശക്തീകരണവർഷമായി ആചരിക്കുന്ന ഈ വത്സരത്തിലെ ജപമാല മാസത്തിൽ പ്രത്യേക നിയോഗമായി സമർപ്പിച്ച് പ്രാർഥിക്കാൻ സ്നേഹപൂർവം ഞാൻ നിങ്ങളോട് അഭ്യർഥിക്കുന്നു.

ദൈവത്തിന്റെ അമ്മയാകാനുള്ള അരുളപ്പാട് ലഭിച്ച പരിശുദ്ധ മറിയം, ദൈവം ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ നിർവഹിച്ചു. യൂദയായിലെ മലമ്പ്രദേശത്തുള്ള പട്ടണത്തിലേക്കു അവൾ തിടുക്കത്തിൽ പുറപ്പെട്ടു. ആറാം മാസം ഗർഭിണിയായിരുന്ന വി. എലിസബത്തിനൊടൊപ്പം സമയം വിനിയോഗിച്ചുകൊണ്ട് അവളെ പരിചരിയ്ക്കാൻ ആരംഭിക്കുന്നു (ലൂക്കാ 1,39-45). അതുപോലെ, കാനായിലെ കല്ല്യാണവിരുന്നിൽ പരിശുദ്ധ മറിയത്തിന്റെ ഇടപെടലുകൾ വിരുന്നു നടത്തിയവന് സംഭവിക്കാവുന്ന അപമാനത്തെയും പരാജയത്തെയും തരണംചെയ്യാൻ ഇടവരുത്തുന്നു (യോഹ 2,1-11). വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പഠിപ്പിക്കുന്നു, "കാനായിൽ ഈശോയോട് എന്ത് ചെയ്യണമെന്ന് മറിയം പറയുന്നില്ല. പകരം നമ്മുടെ കുറവുകൾ, ആവശ്യങ്ങൾ, കഷ്ടപ്പാടുകൾ എന്നിവ ഈശോയുടെ മുൻപിൽ അവതരിപ്പിച്ച്, മാധ്യസ്ഥ്യം വഹിക്കുകയാണ് ചെയ്യുന്നത്" (*രക്ഷകന്റെ അമ്മ* ന.21). ഈ വർഷം അസ്സിസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ സ്വർഗീയപ്രാപ്തിയുടെ 800-ാം വാർഷികത്തിന്റെ ജൂബിലി ആചരിക്കുമ്പോൾ പരിശുദ്ധ കന്യകാമറിയത്തിന്റേതിന് സമാനമായ മനോഭാവത്തോടെ ദരിദ്രരെയും വേദനിക്കുന്നവ

രെയും ജീവിതത്തിൽ ഒറ്റപ്പെട്ടുപോകുന്നവരെയും പരിഗണിക്കാനും സഹായിക്കാനും അവരെ ശ്രവിക്കാനുമുള്ള ക്രൈസ്തവദൗത്യം അനുസ്മരിച്ച് അവരെ സ്വർഗീയ അമ്മയുടെ സന്നിധിയിൽ നമുക്ക് സമർപ്പിക്കാം. ദൈവത്തിന്റെ അദൃശ്യമായ പ്രവൃത്തികൾ തിരിച്ചറിയുന്ന പരിശുദ്ധ കന്യകാമറിയം തന്റെ സ്തോത്രഗീതത്തിലൂടെ എളിയവരെ ഉയർത്തുകയും വിശക്കുന്നവരെ സംതൃപ്തരാക്കുകയും ചെയ്യുന്ന ദൈവത്തെയാണ് വാഴ്ത്തുന്നത് (ലൂക്കാ 1,46-53). ശക്തരുടെ കണ്ണുകളിലൂടെയല്ലാതെ സഹിക്കുന്നവരുടെ കണ്ണുകളിലൂടെ ലോകത്തെ നോക്കിക്കാണാൻ പരിശുദ്ധ അമ്മ നമ്മോട് ആവശ്യപ്പെടുന്നു. നമ്മുടെ കൂട്ടായ്മകളിൽ, ഇടവകകളിൽ വേദനയിലൂടെയും രോഗങ്ങളിലൂടെയും, മറ്റ് പ്രതിസന്ധികളിലൂടെയും കടന്നുപോകുന്നവരെയും ഭവനരഹിതരെയും, തകർന്നുപോകുന്ന നമ്മുടെ കാർഷികമേഖലയേയും, തൊഴിലില്ലായ്മമൂലം ക്ലേശിക്കുന്ന യുവജനങ്ങളെയും, യുദ്ധം, ക്ഷാമം എന്നിവയാൽ പ്രയാസപ്പെടുന്ന സമൂഹങ്ങളെയും, ജീവിതത്തിന് അർഥം നഷ്ടപ്പെടുന്നവരെയും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യത്തിന് നമുക്ക് സമർപ്പിക്കാം.

രൂപതയുടെ ആത്മീയ നവീകരണകേന്ദ്രമായ ബഥാനിയായിൽ അഖണ്ഡജപമാല സമർപ്പണം ഇരുപത്തിയാറാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. ബഥാനിയായിലെ അഖണ്ഡജപമാലയിലേക്ക് ഒരിക്കൽക്കൂടി ഞാൻ നിങ്ങളെല്ലാവരെയും ക്ഷണിക്കുന്നു. ഇടവകയിൽ ആഘോഷമായ പത്തുദിവസത്തെ കൊന്തനമസ്കാരത്തിലും കുടുംബകൂട്ടായ്മകളുടെ ആഭിമുഖ്യത്തിൽ വീടുകൾ തോറും ക്രമീകരിക്കുന്ന പത്ത് ദിവസത്തെ ജപമാല പ്രാർഥനയിലും എല്ലാവരും സജീവമായി പങ്കെടുക്കണം. എല്ലാ ഭവനങ്ങളിലും പത്ത് ദിവസം ആഘോഷമായി, സായാഹ്നങ്ങളിൽ ജപമാല ചൊല്ലി കൊന്തമാസം ആചരിക്കാൻ കുടുംബങ്ങളും പരിശ്രമിക്കണമെന്ന് അഭ്യർഥിക്കുന്നു, അത് നമ്മുടെ വിശ്വാസപാരമ്പര്യത്തിന്റെ പ്രഘോഷണമാണല്ലോ. തിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിൽ ജപമാല ആയുധമായി സ്വീകരിച്ച്, പരിശുദ്ധ അമ്മയുടെ മാധ്യസ്ഥതയിൽ ആത്മീയ ഉണർവുള്ളവരായി, അനുഗ്രഹങ്ങൾ തേടുന്ന വ്യക്തികളും കുടുംബങ്ങളും സഭാസമൂഹങ്ങളുമായി മാറാൻ ജപമാലമാസാചരണം നമുക്ക് ശക്തി നൽകട്ടെ.

"മറിയത്തിന്റെ അതേ വിശ്വാസത്തോടെ, നമുക്ക് നമ്മുടെ ലോകത്തിൽ പ്രത്യാശയുടെ നെയ്ത്തുകാരായി മാറാം" എന്ന് പരിശുദ്ധ പിതാവ് ലെയോ പതിന്നാലാമൻ മാർപാപ്പ നമ്മെ പഠിപ്പിക്കുന്നുണ്ട് (*മാനവമഹത്വം* ന.245). വ്യക്തിപരമായും കുടുംബം ഉൾപ്പെടെയുള്ള എല്ലാ കൂട്ടായ്മകളിലും പ്രത്യാശയുടെ പ്രഭാതം പുലരുവാൻ ജപമാല കരങ്ങളിലേന്തി ദിവ്യകാരുണ്യസന്നിധിയിൽ ഒക്ടോബർ മാസം നമുക്ക് ചിലവഴിക്കാം.

ജപമാലറാണിയായ പരിശുദ്ധ കന്യകാമറിയവും, തിരുക്കുടുംബത്തിന്റെ സംരക്ഷകനായ വി.യൗസേപ്പും രൂപത മധ്യസ്ഥയായ വി. അൽഫോൻസയും നമുക്കുവേണ്ടി, നമ്മുടെ രൂപതയ്ക്കുവേണ്ടി ദൈവസന്നിധിയിൽ മാധ്യസ്ഥ്യം അപേക്ഷിക്കട്ടെ,

ഈശോയിൽ സ്നേഹപൂർവം,

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2026 സെപ്തംബർ 27-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

# ഇ.എസ്.എ
# കരട് വിജ്ഞാപനം
# നാം ഇനി ചെയ്യേണ്ടത്

*സർക്കുലർ 16/2026*

*മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ, പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,*

പശ്ചിമഘട്ടത്തിലെ ചില മലയോരമേഖലകൾ പരിസ്ഥിതി ലോല പ്രദേശമായി (ഇക്കോളജിക്കലി സെൻസിറ്റിവ് ഏരിയ- ഇ.എസ്.എ) നിർണ്ണയിച്ചുകൊണ്ട് കഴിഞ്ഞ ജൂലൈ 27ന് കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച പുതിയ കരട് വിജ്ഞാപനം, നമ്മുടെ നാട്ടിലെ ജനവിഭാഗങ്ങളുടെ ഇടയിൽ ശക്തമായ ആശങ്കയും നിരാശയും രൂപപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിലെ പന്ത്രണ്ട് ജില്ലകളിലെ 131 വില്ലേജുകളിലായി 9,993.7 ചതുരശ്ര കിലോമീറ്റർ ഉൾപ്പെടുന്ന മേഖലയെ പരിസ്ഥിതി ദുർബല പ്രദേശമായി (ഇ.എസ്.എ) ഇപ്പോൾ നിർദേശിച്ചിരിക്കുന്നു. നമ്മുടെ രൂപതാതിർത്തിയിൽ, മലപ്പുറം കോഴിക്കോട് ജില്ലകളിലായി 13 വില്ലേജുകളിലെ ജനജീവിതത്തെയും ജീവിതമാർഗത്തെയും ഇത് ഗൗരവമായി ബാധിക്കുന്നുണ്ട്. മലയോര കർഷകരുടെ സ്വച്ഛമായ ജീവിതത്തിനു തടസ്സമാകുന്ന ഈ പ്രതിസന്ധിയെ നമുക്ക് ഒരുമിച്ച് എല്ലാജനവിഭാഗങ്ങളുടെയും സഹകരണത്തോടെ അഭിമുഖികരിക്കാം.

ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, കേരളം, തമിഴ്നാട് എന്നീ ആറ് സംസ്ഥാനങ്ങളിലൂടെ കടന്നുപോകുന്ന സ്വാഭാവിക ഭൂപ്രകൃതിയും ജൈവവൈവിധ്യമുള്ള പശ്ചിമഘട്ടത്തിന്റെ സംരക്ഷണം ഭരണകൂടത്തിന്റെ മാത്രമല്ല നമ്മൾ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. എന്നാൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ സംരക്ഷിക്കേണ്ട പ്രദേശങ്ങളെപ്പോലെ, ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും തോട്ടങ്ങളും അതേ മാനദണ്ഡത്തിൽ, പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിക്കുന്നതു വഴി, വനനിയമം ബാധ

കമാകുന്ന വിധത്തിൽ ഉൾപ്പെടുത്തുന്നത് ശാസ്ത്രീയമല്ല. ഇപ്പോൾ പുറത്തിറക്കിയ 'പരിസ്ഥിതി സംവേദക പ്രദേശം' അഥവാ ഇ.എ സ്.എയുമായി ബന്ധപ്പെട്ട ഏഴാമത്തെ കരട് വിജ്ഞാപനം അന്തിമ മാക്കുന്നതിന് മുമ്പ് നമ്മുടെ നാടിന്റെ യാഥാർഥ്യങ്ങൾ പരിഗണിച്ച് സമഗ്രമായ തിരുത്തലുകൾ ആവശ്യപ്പെടാൻ നിങ്ങൾ ഏവരുടെയും സഹകരണം ആവശ്യമാണ്. ഇപ്രകാരം കരട് വിജ്ഞാപനം മുൻ വർഷങ്ങളിലും പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ നാം ഒരുമിച്ച് പ്രവർത്തി ച്ച്, നമ്മുടെ ആശങ്കകൾ ഭരണകൂടത്തെ അറിയിച്ചത് ഞാൻ അനുസ് മരിക്കുകയും അന്ന് മുൻനിരയിൽ പ്രവർത്തിച്ചവർക്കും നിങ്ങൾ ഓരോരുത്തർക്കും സ്നേഹപൂർവം നന്ദിയർപ്പിക്കുകയും ചെയ്യുന്നു. ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന കരട് വിജ്ഞാപനം പഠിച്ച്, നമ്മുടെ ആക്ഷേപങ്ങളും നിർദേശങ്ങളും എഴുതി സമർപ്പിക്കാനുള്ള സമയ പരിധി 2026 സെപ്റ്റംബർ 25 വരെയാണ്. സംഭവിച്ച പിഴവുകൾ തിരുത്താനും ശാസ്ത്രീയമായ തിരുത്തലുകൾ ആവശ്യപ്പെടാനും ലഭിച്ചിരിക്കുന്ന ഈ നിർണായക അവസരത്തിൽ ബഹു. വികാരിയ ച്ചന്മാർ നല്കുന്ന നിർദേശമനുസരിച്ച് നിങ്ങളേവരും സഹകരിക്ക ണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. പശ്ചിമഘട്ടത്തിലെ ജനങ്ങളുടെ സംരക്ഷണാർഥം നമുക്ക് സർക്കാരിന്റെ സമക്ഷം നല്കാനുള്ള പ്ര ധാന ആവശ്യങ്ങൾ ദീപിക ദിനപത്രത്തിൽ ആഗസ്റ്റ് 16ന് പ്രസിദ്ധീ കരിച്ച എന്റെ ലേഖനത്തിൽ വിശദീകരിച്ചിട്ടുള്ളത് നിങ്ങൾക്കറിയമല്ലോ.

കോഴിക്കോട് ജില്ലയിൽ, തിരുവമ്പാടി, നെല്ലിപ്പൊയിൽ, കോടഞ്ചേരി, പുതുപ്പാടി, കട്ടിപ്പാറ, കെടവൂർ, ചക്കിട്ടപ്പാറ, ചെമ്പനോട, കാവിലും പാറ, തിനൂർ എന്നിവ ഇ.എസ്.എയിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജുകളാണ്. മലപ്പുറം ജില്ലയിൽ നമ്മുടെ രൂപതാതിർത്തിക്കുള്ളിൽ കാളികാവ്, കരുവാരകുണ്ട്, കേരളാ എസ്റ്റേറ്റ് എന്നീ വില്ലേജുകൾ പരിസ്ഥിതി ലോലപ്രദേശമാണ്. പ്രസ്തുത മേഖലയിൽ താമസിക്കുന്നവരും ഭൂമി യുള്ളവരും വിദ്യാഭ്യാസം നിർവഹിക്കുന്നവരും മറ്റ് അനുബന്ധകാ ര്യങ്ങൾക്കായി വരുന്നവരും തങ്ങളുടെ പരാതികൾ എത്രയുംവേഗം ഇ-മെയിലായോ, ലെറ്ററായോ അയ്ക്കേണ്ടതാണ്. മാപ്പും ബന്ധപ്പെട്ട രേഖകളും നൽകാതെ ജനങ്ങളിൽ നിന്ന് പരാതികൾ ക്ഷണിക്കുന്നത് ഫലപ്രദമായ ജനപങ്കാളിത്തമല്ലായെന്ന് ഓരോ പരാതിയിലും

വ്യക്തമാക്കണം. മലയാളത്തിലുള്ള ഔദ്യോഗിക കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുക, നേരിട്ടുള്ള സ്ഥലപരിശോധന നടത്തുക, ജന വാസ മേഖലകൾ, പട്ടണങ്ങൾ, വ്യാപാരകേന്ദ്രങ്ങൾ, വീടുകൾ, വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, ആശുപത്രികൾ, കൃഷി പ്രദേ ശങ്ങൾ എന്നിവ ഒഴിവാക്കുക, ഗ്രാമസഭകളുടെ അഭിപ്രായം പരിഗ ണിക്കുക, റവന്യുവില്ലേജുകളെ പൂർണമായും ഇ.എസ്.എ പരിധിയിൽ നിന്ന് ഒഴിവാക്കുക തുടങ്ങിയവ പരാതികളിൽ ഉൾപ്പെടുത്തേണ്ടതാണ്. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി വരുത്തിയ വനഭൂമി നിർണയത്തിലുള്ള പിശക് തിരുത്തുക, ഇ.എസ്.എയിൽ ഉൾപ്പെടുന്ന വില്ലേജുകളിലെ വനം, വനേതരഭൂമി എന്നിവയുടെ വിസ്തൃതി പ്രസിദ്ധീകരിക്കുക, ദേശീയോദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ, അണക്കെട്ടുകൾ, നിർ ണായക വന്യജീവിവർഗങ്ങളുടെ ആവാസവ്യവസ്ഥകൾ തുടങ്ങിയ സംരക്ഷിത പ്രദേശങ്ങൾ ഇ.എസ്.എയുടെ അന്തിമ ഭൂപടത്തിൽ വ്യക്തമായി ഉൾപ്പെടുത്തുക എന്നിവയും പരാതിയിൽ സൂചിപ്പിക്കാൻ ശ്രമിക്കുമല്ലോ.

ഇ.എസ്.എ പ്രദേശങ്ങളിലെ ഗ്രാമസഭകളും തദ്ദേശസ്ഥാപനങ്ങളും പ്രത്യേകമായി പരാതികൾ നല്കേണ്ടതാണ്. ഗ്രാമസഭകൾ കൂടാതെ ത്രിതലപഞ്ചായത്തുകൾ പ്രത്യേകം പ്രമേയം പാസാക്കി അയ്ക്കുകയും വേണം. പ്രമേയത്തിൽ മുകളിൽ സൂചിപ്പിച്ച അടിസ്ഥാന പോരായ്മ കൾ പരാതികളായി നിങ്ങൾക്ക് സൂചിപ്പിക്കാം. എല്ലാ രേഖകളും മാപ്പുകളും ലഭ്യമാക്കി ആക്ഷേപങ്ങൾ സ്വീകരിക്കാനുള്ള സമയം നല്കിയതിനുശേഷം മാത്രമേ അന്തിമ വിജ്ഞാപനം പുറപ്പെടുവി ക്കാവു എന്ന് പ്രമേയത്തിൽ തീർച്ചയായും പരാമർശിക്കേണ്ടതാണ്.

പരിസ്ഥിതി സംരക്ഷണവും ജനജീവിതവും തമ്മിൽ ഏറ്റുമുട്ടേണ്ട തില്ല. പശ്ചിമഘട്ട സംരക്ഷണത്തിനെതിരെ കർഷകരെയോ ജനങ്ങ ളെയോ അണിനിരത്തുന്നതും തെറ്റാണ്. കർഷകരുടെ ആശങ്കകൾ അവഗണിച്ചുള്ള പരിസ്ഥിതി സംരക്ഷണം വിജയകരവും ഗുണകര വുമല്ല. പരിസ്ഥിതി സംരക്ഷിക്കുമ്പോൾ സുസ്ഥിര വികസനത്തിന്റെ കേന്ദ്ര സ്ഥാനത്ത് മനുഷ്യനായിരിക്കണം എന്ന യുനസ്കോയുടെ പ്രഖ്യാപിത നയം ആയിരിക്കട്ടെ സർക്കാരിന്റെ നിയമനിർമാണത്തിന്റെ മാനദണ്ഡം. പശ്ചിമഘട്ടത്തെ സംരക്ഷിക്കേണ്ടത് ജനങ്ങളെ പുറ

ത്താക്കിക്കൊണ്ടല്ല; ജനങ്ങളോടൊപ്പം നിന്നുകൊണ്ടാകട്ടെ. പരിശുദ്ധ ദൈവമാതാവും കുടിയേറ്റ ജനതയുടെ സംരക്ഷകനായ വിശുദ്ധ യൗസേപ്പും രൂപത മധ്യസ്ഥയായ വിശുദ്ധ അൽഫോൻസയും പശ്ചിമഘട്ടത്തിലെ ജനങ്ങളുടെ സംരക്ഷണത്തിനുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളിൽ മാർഗദർശനവും സഹായകവുമാകട്ടെ എന്ന് പ്രാർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,




**✠ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2026 ആഗസ്റ്റ് 23-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ വായിക്കാൻ നൽകിയത്.




### 1. പുതിയ നിയമനം

| | | |
|---|---|---|
| Rev. Fr. Joseph Kunnath | : | Vicar, Valillapuzha |
| Rev. Fr. Thomas Kalarickal | : | Pastoral Ministry, UK |
| Rev. Fr. James Kuzhimattathil | : | Pastoral Ministry, Germany |

### 2. മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ചരമവാർഷികദിനം

സെപ്റ്റംബർ 6 ന് മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ 6-ാം ചരമവാർഷികദിനമാണ്. സെപ്റ്റംബർ 7-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30 ന് താമരശ്ശേരി കത്തീഡ്രലിൽ വി. കുർബാനയും ശുശ്രൂഷകളും നടക്കുന്നു. അഭിവന്ദ്യ മാർ തോമസ് ഇലവനാൽ പിതാവായിരിക്കും തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുന്നത്. ബഹു. വൈദികരും സമർപ്പിതരും ഇടവകപ്രതിനിധികളും കൂടാതെ സാധിക്കുന്ന ദൈവജനവും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

### 3. എട്ടുനോമ്പാചരണം

പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് എട്ടുനോമ്പാചരണം നടത്തുന്ന പാരമ്പര്യം നമ്മുടെ സഭയിലുണ്ട്. ഇക്കാര്യം ദൈവജനത്തെ അറിയിക്കുകയും നോമ്പാചരണം സമുചിതമായി നടത്തുകയും ചെയ്യുമല്ലോ.

### 4. ദൈവാലയ ശുശ്രൂഷികളുടെ സമ്മേളനം - സെപ്റ്റംബർ 15

നമ്മുടെ രൂപതയിലെ ഇടവകകളിൽ സേവനം ചെയ്യുന്ന ദൈവാലയ ശുശ്രൂഷികളുടെ സമ്മേളനം സെപ്റ്റംബർ 15-ാം തീയതി ചൊവ്വാഴ്ച രൂപതാഭവനിൽ നടത്തപ്പെടുന്നു. രാവിലെ 10.30 ന് ആരംഭിച്ച് ഉച്ചയോടെ സമാപിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഈ സമ്മേളനത്തിലേക്ക് ശുശ്രൂഷികളെ അയക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### 5. അക്കൗണ്ടന്റ്മാരുടെ സമ്മേളനം - സെപ്റ്റംബർ 16

ഇടവകകളിൽ സേവനം ചെയ്യുന്ന അക്കൗണ്ടന്റ്മാരുടെ സമ്മേളനം 2026 സെപ്റ്റംബർ 16-ാം തീയതി ബുധനാഴ്ച രാവിലെ 10.30 മുതൽ ഉച്ചവരെ രൂപതാഭവനിൽ നടത്തപ്പെടുന്നു. ഇടവകകളിലെ കണക്കുകൾ കൈകാര്യം ചെയ്യുന്ന എല്ലാ അക്കൗണ്ടന്റ്മാരും ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

### 6. മാർ ജേക്കബ് തൂങ്കുഴി ചരമവാർഷികം സെപ്റ്റംബർ 17

നമ്മുടെ രൂപതയുടെ ദ്വിദീയ മെത്രാനായിരുന്ന മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ 1-ാം ചരമവാർഷികം സെപ്റ്റംബർ 17-ാം തീയതി വ്യാഴാഴ്ചയാണ്. അന്നേദിവസം കോഴിക്കോട് ക്രിസ്തുദാസി സന്യാസിനിസമൂഹത്തിന്റെ ജനറലേറ്റിൽ രാവിലെ 10 മണിക്ക് വി. കുർബാനയും അനുസ്മരണ ശുശ്രൂഷകളും ഒരുക്കിയിട്ടുണ്ട്.

### 7. ആശംസകൾ

സ്പെയിനിൽ ഉപരിപഠനം ആരംഭിക്കുന്ന ബഹു. **ഫാ. മാത്യു തെക്കേക്കരമറ്റത്തിലിന്** രൂപതാകുടുംബത്തിന്റെ പ്രാർഥനയും ആശംസയും നേരുന്നു.

ബ്രിട്ടനിലെ ലാൻകാസ്റ്റർ രൂപതയിൽ അജപാലന ശുശ്രൂഷ ആരംഭിക്കുന്ന ബഹു. **ഫാ. തോമസ് കളരിയ്ക്കലിന്** രൂപതാകുടുംബത്തിന്റെ പ്രാർഥനയും ആശംസയും നേരുന്നു.

ജർമ്മനിയിലെ പാസാവ് രൂപതയിൽ അജപാലന ശുശ്രൂഷ ആരംഭിക്കുന്ന ബഹു. **ഫാ. ജെയിംസ് കുഴിമറ്റത്തിലിന്** രൂപതാകുടുംബത്തിന്റെ പ്രാർഥനയും ആശംസയും നേരുന്നു.

റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം ആരംഭിക്കുന്ന ബഹു. **ഫാ. ജോസഫ് പന്തലാടിക്കലിന്** രൂപതാകുടുംബത്തിന്റെ പ്രാർഥനയും ആശംസയും നേരുന്നു.

### 7. സ്മരണാഞ്ജലികൾ

02-09-85 : റവ. ഫാ. ജോസഫ് മഴുവഞ്ചേരി

**05-09-07 : റവ. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം**

| | | |
|---|---|---|
| **06-09-2020** | : | **മാർ പോൾ ചിറ്റിലപ്പിള്ളി** |
| **17-09-96** | : | **മാർ ജേക്കബ്ബ് തൂങ്കുഴി** |
| 18-09-96 | : | റവ. ഫാ. സോസിമൂസ് സി.എം.ഐ. |
| 18-09-07 | : | റവ. ഫാ. ജോൺ കച്ചിറമറ്റം |
| 19-09-79 | : | റവ. ഫാ. ജോർജ് കഴുക്കച്ചാലിൽ (Sr.) |
| 20-09-88 | : | റവ. ഫാ. ജോർജ് കഴുക്കച്ചാലിൽ (Jr.) |
| 20-09-79 | : | റവ. ഫാ. സബീനുസ് സി.എം.ഐ. |
| 22-09-82 | : | റവ. ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ് |
| **22-09-2022** | : | **റവ. ഫാ. ദേവസ്യ വലിയപറമ്പിൽ** |
| **27-09-2023** | : | **റവ. ഫാ. ജോൺ പ്രകാശ് പുന്നക്കുന്നേൽ** |
| **28-09-2024** | : | **റവ. ഫാ. ജോസഫ് കാപ്പിൽ** |
| **30-09-2021** | : | **റവ. ഫാ. ജോൺ മണലിൽ** |

**മോൺ. അബ്രഹാം വയലിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പാവനസ്മരണയ്ക്ക്



**ഫാ. അഗസ്റ്റിൻ**
മണക്കാട്ടുമറ്റം (05-09-2007)



**ഫാ. ദേവസ്യ**
വലിയപറമ്പിൽ (22-09-2022)



**ഫാ. ജോൺ പ്രകാശ്**
പുന്നക്കുന്നേൽ (27-09-2024)



**ഫാ. ജോസഫ്**
കാപ്പിൽ (28-09-2024)



**ഫാ. ജോൺ**
മണലിൽ (30-09-2021)

# താൽക്കാലിക ഇടവകാംഗത്വ രജിസ്റ്റർ

*D31/03/307/26*

ഒരു വ്യക്തി/കുടുംബം സ്ഥിരാംഗമായിരിക്കുന്ന ഇടവകയിൽ നിന്ന് ജോലി, പഠനം മുതലായ ആവശ്യങ്ങൾക്കായി മറ്റൊരു ഇടവകയിലേക്ക് മാറിത്താമസിക്കുന്ന ഹ്രസ്വമായ കാലഘട്ടത്തിലെ ആത്മീയ അജപാലന ശുശ്രൂഷകളെ സംബന്ധിച്ച് 2026 ജൂൺ 24-ാം തീയതിയിലെ പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. ഇപ്രകാരം താമസിക്കുന്നവർ ഇടവകാംഗത്വം സ്വീകരിക്കാത്തത് അവരുടെ അജപാലന കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് തടസ്സമാകാറുണ്ട്. അവർക്കായി ഒരു "താൽക്കാലിക ഇടവകാംഗത്വ രജിസ്റ്റർ" ഇടവകയിൽ ആരംഭിക്കുന്നതിലൂടെ ആത്മീയ അജപാലന കാര്യങ്ങളുടെ നിർവ്വഹണം സുഗമമായി നടത്താൻ സാധിക്കുന്നതാണ്.

"താൽക്കാലിക ഇടവകാംഗത്വ രജിസ്റ്റർ" സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

1 ഹ്രസ്വകാലത്തേക്ക് ഇടവകയിൽ താമസമാക്കുന്നവരുടെ വിവരങ്ങൾ "താൽക്കാലിക ഇടവകാംഗത്വ രജിസ്റ്ററിൽ" രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2 ഒരു കുടുംബം ഒരു ഇടവകയുടെ അതിർത്തിക്കുള്ളിൽ ഹ്രസ്വകാലത്തേക്ക് വാസം ആരംഭിക്കുമ്പോൾത്തന്നെ സ്ഥിരാംഗത്വമുള്ള ഇടവകയിലെ വികാരിയിൽ നിന്നും ആവശ്യമായ രേഖകൾ ഹ്രസ്വകാല വാസസ്ഥലത്തെ വികാരിപക്ഷം സമർപ്പിക്കേണ്ടതാണ്.

3 ഹ്രസ്വകാല വാസസ്ഥലത്തിന്റെ അടിസ്ഥാനത്തിൽ താത്കാലിക ഇടവകാംഗത്വം ലഭിക്കുമെങ്കിലും മാമ്മോദീസ, വിവാഹം,

ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം തുടങ്ങിയ കൗദാശിക കർമ്മങ്ങൾ നടത്തേണ്ടത് മാതൃ ഇടവകയുമായി ബന്ധപ്പെട്ടുവേണം.

4 ഇടവകയുടെ ആത്മീയവും ഭൗതികവുമായ കാര്യങ്ങളിൽ സ്ഥിരാംഗത്വമുള്ളവരെപ്പോലെ താൽക്കാലിക അംഗത്വമുള്ളവരും സഹകരിക്കേണ്ടതാണ്.





ഈശോയിൽ സ്നേഹപൂർവം,



✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*NB:വിശദവിവരങ്ങൾക്ക് രൂപത നിയമാവലി N. 206 - 216.*



# ആദരാഞ്ജലികൾ

## സി. ലൂയിസ് ലാറ്റോ എഫ്.സി.സി.



പാലാ രൂപത ചെറ്റാലിൽ തോമസ്-അന്ന ദമ്പതികളുടെ ദാമ്പത്യ വല്ലരിയിൽ വിരിഞ്ഞ ആറു മക്കളിൽ മൂത്ത മകളായി 1939 ഒക്ടോബർ 24 ന് സി. ലൂയിസ് ലാറ്റോ ജനിച്ചു. തന്റെ ദൈവവിളി സന്യാസമാണെന്ന് തിരിച്ചറിഞ്ഞ സിസ്റ്റർ മാതാപിതാക്കളുടെ എതിർപ്പുകളെ അവഗണിച്ച് 1957 ജൂൺ 1ന് ചെമ്മലമറ്റം ക്ലാരമഠത്തിൽ സന്യാസാർത്ഥിനിയായി പ്രവേശിച്ചു. 1959 ഏപ്രിൽ 13-ാം തീയതി പ്രഥമ വ്രതവാഗ്ദാനം നടത്തി ലൂയിസ് ലാറ്റോ എന്ന പേര് സ്വീകരിച്ചു. ക്രിസ്തുവിന്റെ മണവാട്ടിയായിരിക്കുന്നതിൽ ഏറെ അഭിമാനിച്ച്, 1962 മെയ് 21-ാം തീയതി സിസ്റ്റർ നിത്യവ്രതവാഗ്ദാനം ചെയ്തു.

മലബാറിന്റെ ചരിത്രത്തിൽ, താമരശ്ശേരി സെന്റ് ഫ്രാൻസിസ് പ്രൊവിൻസ് ബാലാരിഷ്ടതകളിലൂടെ വളർന്ന നാളുകളിൽ ഒരു നിഴലായി കൂടെനിന്ന് അതിന്റെ വളർച്ചയ്ക്കുവേണ്ടി അക്ഷീണം യത്നിച്ച വ്യക്തിത്വമായിരുന്നു സി. ലൂയിസ് ലാറ്റോയുടേത്. നേതൃത്വസ്വഭാവവും ദീർഘവീക്ഷണവും കർമ്മശേഷിയും കൈമുതലായ സിസ്റ്റർ രണ്ട് തവണകളായി 12 വർഷത്തോളം താമരശ്ശേരി സെന്റ് ഫ്രാൻസിസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തന്റെ ധന്യമായ ജീവിതം സമർപ്പിച്ചു. അധ്യാപനവൃത്തിയോടൊപ്പം തന്നെ സഭ നിയോഗിച്ച ഇടങ്ങളിലെല്ലാം വിശ്വസ്തതയോടെയും അർപ്പണമനോഭാവത്തോടെയും വ്യാപരിക്കാൻ സിസ്റ്ററിന് സാധിച്ചു.

2012 മുതൽ ഈരൂട് മഠത്തിൽ വിശ്രമജീവിതം നയിച്ചുപോന്ന സി. ലൂയിസ് ലാറ്റോയുടെ പാവനാത്മാവ് 2026 ജൂലൈ 27, തിങ്കളാഴ്ച്ച വൈകുന്നേരം 5 മണിയോടു കൂടി ഈ ലോകം വിട്ട് തനിക്കായി സജ്ജമാക്കിയിരിക്കുന്ന സ്വർഗ്ഗ സൗഭാഗ്യത്തിലേക്ക് യാത്രയായി. ഭൂമിയിൽ വിശ്രമരഹിതമായി മുന്നേറിയ സിസ്റ്ററിന്റെ ജീവിതം സ്വർഗ്ഗീയപിതാവിന്റെ കരങ്ങളിൽ സുരക്ഷിതമായി വിശ്രമിക്കാനിടയാകട്ടെ എന്ന് പ്രാർഥിക്കുന്നു.

# ആദരാഞ്ജലികൾ

**സി. ജ്യോതിസ് എഫ്.സി.സി.**



താമരശ്ശേരി രൂപത വേനപ്പാറ ഇടവക കല്ലിടുക്കിൽ മൈക്കിൾ-മേരി ദമ്പതികളുടെ ദാമ്പത്യ വല്ലരിയിൽ വിരിഞ്ഞ നാല് മക്കളിൽ മൂത്ത മകളാണ് സി. ജ്യോതിസ്. നിലമ്പൂർ തേൽപ്പാറ എൻ.എ.എ.എം.എ എൽ.പി നിന്നും പ്രാഥമിക വിദ്യാഭ്യാസവും വേനപ്പാറ ഹോളി ഫാമിലി എച്ച്.എസിൽ നിന്നും ആദ്യബാച്ചിൽ എസ്.എസ്.എൽ.സി പഠനവും, കോടഞ്ചേരി ഗവ.കോളേജിൽ നിന്നും പ്രീഡിഗ്രി പഠനവും പൂർത്തിയാക്കി 1988 ജൂൺ 8-ാം തീയതി കൂടത്തായി അസംപ്ഷൻ കോൺവെന്റിൽ അർത്ഥിനിയായി പ്രവേശിച്ചു. ദൈവത്തിലുള്ള ആഴമായ വിശ്വാസവും ശാന്തമായ പ്രകൃതവും കൊണ്ട് സി. ജ്യോതിസ് ചെറുപ്പം മുതലേ ഏവർക്കും പ്രിയങ്കരിയായി മാറി. സന്യാസ പരിശീലനം പൂർത്തിയാക്കി 1991 നവംബർ 19 ന് സഭാവസ്ത്രം സ്വീകരിച്ച്, പ്രഥമ വ്രതവാഗ്ദാനവും 1997 മെയ് 20 ന് നിത്യവ്രതവാഗ്ദാനവും സ്വീകരിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ഹെഡ്നേഴ്സ് ആയി ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന സിസ്റ്ററിന് സഹപ്രവർത്തകരുടെയും തന്നെ സമീപിക്കുന്ന രോഗികളുടെയും ഹൃദയത്തുടിപ്പുകൾ അറിഞ്ഞ് പ്രവർത്തിക്കുവാൻ സാധിച്ചു അസി. പ്രൊവിൻഷ്യൽ, ജൂണിയർ മിസ്ട്രസ് എന്നീ സഭാപരമായ ഉത്തരവാദിത്വങ്ങളും ആതുരസേവനരംഗത്തെ ശുശ്രൂഷകളും പ്രാർഥനയുടെ പിൻബലത്തിൽ ഏറ്റവും ഭംഗിയായി ഒന്നിച്ചു കൊണ്ടുപോകാൻ സിസ്റ്ററിന് സാധിച്ചിരുന്നു.

ദൈവം ഭരമേൽപ്പിച്ച ശുശ്രൂഷയിൽ വ്യാപൃതയായിരുന്ന സി. ജ്യോതിസ് താൻ അർബുദ രോഗബാധിതയായി എന്നറിഞ്ഞപ്പോൾ കർത്താവ് സമ്മാനിച്ച സഹനങ്ങൾ സന്തോഷത്തോടെ സ്വീകരിച്ചു. വേദനയുടെ തീച്ചൂളയിൽ 2026 ജൂലൈ 28 ന് വൈകുന്നേരം 5 മണിക്ക് ദിവ്യകാരുണ്യത്തിന്റെ ദിവ്യാനുഭൂതിയിൽ വളരെ ശാന്തമായി സിസ്റ്ററിന്റെ പാവനാത്മാവ് സ്വർഗ്ഗത്തിലേക്ക് യാത്രയായി.

# ആദരാഞ്ജലികൾ

## സി. മേരി ജോർജ് എഫ്.സി.സി.



താമരശ്ശേരി രൂപത നൂറാംതോട് ഇടവക കാഞ്ഞിരത്തിങ്കൽ വർക്കി - മറിയം ദമ്പതികളുടെ ദാമ്പത്യവല്ലരിയിൽ വിരിഞ്ഞ ഏഴ് മക്കളിൽ മൂന്നാമത്തെ സന്താനമായി 15-03-1942 ന് സി. മേരി ജോർജ് ജനിച്ചു. വഴിത്തല സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ സിസ്റ്ററിന്റെ കുടുംബം പിന്നീട് മലബാറിൽ കോഴിക്കോട് ജില്ലയിൽ കണ്ണോത്ത് ഇടവകയിൽ താമസമാക്കി. മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും പ്രാർഥനാശിസുകളോടെ 1962 ജൂൺ 6 ന് സന്യാസാർത്ഥിനിയായി പ്രവേശിച്ചു. സന്യാസപരിശീലനം പൂർത്തിയാക്കി 1964 ഒക്ടോബർ 7 ന് സഭാവസ്ത്രം സ്വീകരിച്ച്, പ്രഥമ വ്രതവാഗ്ദാനം നടത്തി മേരി ജോർജ് എന്ന പേര് സ്വീകരിച്ചു. 1970 ഒക്ടോബർ 7 ന് നിത്യവ്രതവാഗ്ദാനം നടത്തി തന്റെ ജീവിതം പൂർണ്ണമായി നാഥനായി സമർപ്പിച്ചു.

സന്യാസജീവിതത്തിന്റെ നീണ്ട 62 വർഷങ്ങൾ എഫ്.സി.സി യുടെ മലബാർ പ്രൊവിൻസിന്റെ വിവിധ ഭവനങ്ങളിൽ ശുശ്രൂഷ നിർവഹിച്ച ബഹു.സി. മേരി ജോർജ് എളിയശുശ്രൂഷകളിലൂടെ ഏറെ ശ്രദ്ധിക്കപ്പെട്ട വ്യക്തിത്വമാണ്. അസി. സുപ്പീരിയർ, ഫാം സൂപ്രവൈസർ, മെസ് മാനേജർ, ട്രഷറർ എന്നിങ്ങനെ സഭ നിയോഗിച്ച ഇടങ്ങളിലെല്ലാം അർപ്പണമനോഭാവത്തോടെ വ്യാപരിക്കാൻ സിസ്റ്ററിന് സാധിച്ചു. കെല്ലൂർ, ചെമ്പേരി, കരിക്കോട്ടക്കരി, കുന്നോത്ത്, വേനപ്പാറ, കണ്ണോത്ത്, ഈരൂട്, കൂടത്തായി, പേരാമ്പ്ര, കോടഞ്ചേരി, കരിങ്കല്ലത്താണി, മേരിക്കുന്ന്, ദേവഗിരി, കുണ്ടായിത്തോട് എന്നീ ഭവനങ്ങളിൽ ശുശ്രൂഷ ചെയ്തു.

ഈരൂട് മഠത്തിൽ വിശ്രമജീവിതം നയിച്ച സി. മേരി ജോർജ് ആഗസ്റ്റ് 14 വെള്ളിയാഴ്ച്ച രാവിലെ 9 മണിയോടുകൂടി പ്രാർത്ഥനാ നിരതരായിരുന്ന സമർപ്പിതസഹോദരങ്ങളുടെ സാന്നിധ്യത്തിൽ തന്റെ സ്വർഗീയ ഗേഹത്തിലേയ്ക്ക് യാത്രയായി.

# സീറോ മലബാർ സമുദായ ശക്തീകരണ വർഷം 2026

## മധ്യകാല പ്രവർത്തന റിപ്പോർട്ട്

സീറോ മലബാർ സഭ 2026-നെ "സമുദായ ശക്തീകരണ വർഷം" ആയി ആചരിക്കുന്നതിന്റെ ഭാഗമായി താമരശ്ശേരി രൂപതയിൽ വിവിധ തലങ്ങളിലായി സമഗ്രമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഒരു വർഷത്തെ ആചരണത്തിന്റെ ഭാഗമായി ഉടൻ നടപ്പിലാക്കേണ്ട ഹ്രസ്വകാല പ്രവർത്തനങ്ങൾക്കും, സമുദായത്തിന്റെ സുസ്ഥിരമായ വളർച്ചയും ശാക്തീകരണവും ലക്ഷ്യമാക്കി തുടർന്നുകൊണ്ടുപോകേണ്ട ദീർഘകാല പ്രവർത്തനങ്ങൾക്കും ഒരുപോലെ പ്രാധാന്യം നൽകിയാണ് രൂപത പ്രവർത്തനപദ്ധതി രൂപപ്പെടുത്തിയിരിക്കുന്നത്.

### I. പ്രാരംഭ സംഘടനാ പ്രവർത്തനങ്ങൾ

1. അഭിവന്ദ്യ പിതാവിന്റെ സർക്കുലറും ഉദ്ഘാടന സമ്മേളനവും

സമുദായ ശക്തീകരണ വർഷത്തെക്കുറിച്ച് ദൈവജനത്തെ ഉദ്ബോധിപ്പിക്കുന്നതിനായി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് സർക്കുലർ പ്രസിദ്ധീകരിക്കുകയും എല്ലാ ഇടവകകളിലും അത് വായിക്കുകയും ചെയ്തു.

2026 ജനുവരി 2-ന് വൈകിട്ട് 4.30-ന് കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് പള്ളി അങ്കണത്തിൽ രൂപതാതല ഉദ്ഘാടനം സംഘടിപ്പിച്ചു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് ശ്രീ. രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. പ്രശസ്ത ചരിത്രപണ്ഡിതൻ ഡോ. കുര്യാസ് കുമ്പളക്കുഴി 'ക്രൈസ്തവ പാരമ്പര്യ കലാരൂപങ്ങൾ പകർന്നു നൽകുന്ന മാർത്തോമാ നസ്രാണികളുടെ സമുദായ ചരിത്രബോധം' എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചു. മാർഗം

കളി, പരിചമുട്ടുകളി, ചവിട്ടുനാടകം തുടങ്ങിയ പാരമ്പര്യ കലാരൂപങ്ങളും ഉദ്ഘാടനവേദിയിൽ അവതരിപ്പിച്ചു.

**2. രൂപതഫൊറോനഇടവകതല സമിതികളുടെ രൂപീകരണം**

സമുദായ ശക്തീകരണ വർഷത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനായി രൂപത, ഫൊറോന, ഇടവക തലങ്ങളിൽ സമിതികൾ രൂപീകരിക്കുകയും വിവിധ സംഘടനകളെയും സന്യാസ സമൂഹങ്ങളെയും കുടുംബക്കൂട്ടായ്മകളെയും പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്തു.

**II. ഹ്രസ്വകാല പ്രവർത്തനങ്ങൾ**

സമുദായ ശക്തീകരണ വർഷത്തിന്റെ ഭാഗമായി വിശ്വാസികളിൽ സമുദായബോധവും ചരിത്രബോധവും സാമൂഹിക ഉത്തരവാദിത്തവും വളർത്തുന്നതിനും നിലവിലുള്ള സംവിധാനങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനുമായി 2026-ൽ നടപ്പിലാക്കുന്ന പ്രധാന ഹ്രസ്വകാല പ്രവർത്തനങ്ങൾ:

**1. സമുദായ ശക്തീകരണ ബോധവൽക്കരണം**

ജനുവരി മുതൽ മാർച്ച് വരെ വിവിധ തലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഓരോ ഇടവകയിൽ നിന്നും പരിശീലകരെ തിരഞ്ഞെടുത്ത് സമുദായ ശക്തീകരണ കൈപ്പുസ്തകത്തെ അടിസ്ഥാനമാക്കി രൂപതാതല ഓറിയന്റേഷൻ നൽകി. തുടർന്ന് കുടുംബക്കൂട്ടായ്മകളിലൂടെ ഇടവകതല ബോധവൽക്കരണം നടപ്പിലാക്കി. വൈദികർക്കും സന്യസ്തർക്കുമായി പ്രത്യേകം ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു.

**2. വിശ്വാസോത്സവം 2026 "സമുദായ ശക്തീകരണം"**

കാറ്റക്കിസം ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന നാലുദിവസത്തെ വിശ്വാസോത്സവത്തിന്റെ കേന്ദ്രപ്രമേയമായി "സമുദായ ശക്തീകരണം" സ്വീകരിച്ചിട്ടുണ്ട്. സഭാചരിത്രം, വിശ്വാസപാരമ്പര്യം, ക്രൈസ്തവ മൂല്യങ്ങൾ, സാമൂഹിക ഉത്തരവാദിത്തം, ഭരണഘടനാപരമായ അവകാശങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ, സിവിൽ സർവീസ്, സംരംഭകത്വം തുടങ്ങിയ വിഷയങ്ങൾ കുട്ടികൾക്ക്

പരിചയപ്പെടുത്തുന്ന സമഗ്ര രൂപീകരണ പരിപാടിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

### 3. പൈതൃക ബോധവൽക്കരണവും സാംസ്കാരിക പ്രവർത്തനങ്ങളും

സീറോ മലബാർ സഭയുടെ തനതായ പദപ്രയോഗങ്ങൾ, പള്ളിക്കൂടം സംസ്കാരം, പാരമ്പര്യ ഭക്ഷണരീതികൾ, വിവാഹാചാരങ്ങൾ, മാർഗംകളി, പരിചമുട്ടുകളി, ചവിട്ടുനാടകം തുടങ്ങിയ പൈതൃക ഘടകങ്ങൾ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ, പ്രദർശനങ്ങൾ, ഭക്ഷ്യമേളകൾ തുടങ്ങിയവ ആസൂത്രണം ചെയ്തുവരുന്നു. പള്ളികളുടെ നെയിംബോർഡുകളിലും ഔദ്യോഗിക രേഖകളിലും അറിയിപ്പുകളിലും "ദേവാലയം", "ചർച്ച്" എന്നീ പ്രയോഗങ്ങൾക്ക് പകരം സഭയുടെ തനതായ മലയാള പദമായ "പള്ളി" ഉപയോഗിക്കുന്നതിനുള്ള നിർദേശങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

### 4. സുറിയാനി ഭാഷാ പരിചയപ്പെടുത്തൽ

സഭയുടെ ആരാധനാ-സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമായ സുറിയാനി ഭാഷ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനായി വേദപാഠ വിദ്യാർത്ഥികൾക്ക് സുറിയാനി പാഠാവലി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

### 5. അൽഫോൻസാ കോളേജ് പാർട്ട് ടൈം ജോബ് പ്രോജക്ട്

വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽപരിചയവും വരുമാനവും ലഭ്യമാക്കുന്നതിനായി അൽഫോൻസാ കോളേജിൽ വിവിധ കമ്പനികളുമായി സഹകരിച്ചുള്ള പാർട്ട് ടൈം തൊഴിൽ പദ്ധതി രൂപീകരണത്തിന്റെ അവസാനഘട്ടത്തിലാണ്.

## III. ദീർഘകാല പ്രവർത്തനങ്ങൾ

സമുദായ ശക്തീകരണ വർഷം 2026-ൽ ആരംഭിക്കുകയും വർഷാചരണത്തിനുശേഷവും രൂപതയുടെ സ്ഥിരം സാമൂഹിക ശാക്തീകരണ സംവിധാനങ്ങളായി തുടർന്നുകൊണ്ടുപോകുകയും ചെയ്യുന്നതിനായി താഴെപ്പറയുന്ന ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

## 1. സമുദായ സമുന്നതി പദ്ധതി

എയ്ഡർ ഫൗണ്ടേഷൻ, എയ്ഡർ എഡ്യുകെയർ, കത്തോലിക്ക കോൺഗ്രസ്, KCYM-SMYM, മാതൃവേദി എന്നിവയുടെ സംയുക്താഭി മുഖ്യത്തിൽ രൂപതയിലെ കുടുംബങ്ങളുടെ ആത്മീയ, സാമൂഹിക, വിദ്യാഭ്യാസ, തൊഴിൽ, സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ടുള്ള വികേന്ദ്രീകൃത കർമപദ്ധതിയാണ് "സമുദായ സമുന്നതി". ഇതിന്റെ ഭാഗമായി ഓരോ ഇടവകയിലും Community Service Centre/ ഇടവക ഹെൽപ്പ് ഡെസ്ക്, തൊഴിൽ രജിസ്ട്രേഷൻ, വിദഗ്ധ തൊഴിലാളിക ളുടെ ശൃംഖല, വിദ്യാർത്ഥികളുടെ തൊഴിൽസംരംഭകത്വ പദ്ധതികൾ, Race2IAS & PSC പരിശീലനം, EWS സംവരണം, സ്കോളർഷിപ്പുകൾ, ന്യൂനപക്ഷ വായ്പകൾ, സർക്കാർ പദ്ധതികൾ എന്നിവയ്ക്കുള്ള സ്ഥി രം പിന്തുണാസംവിധാനം വികസിപ്പിക്കുകയാണ് ലക്ഷ്യം.

## 2. സോഷ്യൽ എന്റർപ്രൈസ് പാർക്ക്

കുടുംബങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത, യുവജനങ്ങളുടെ തൊഴിൽസൃഷ്ടി, സംരംഭകത്വ വികസനം, കാർഷിക മൂല്യവർധന എന്നിവ ലക്ഷ്യമിട്ട് സോഷ്യൽ എന്റർപ്രൈസ് പാർക്ക് സ്ഥാപിക്കു ന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## 3. കുടുംബസഹായ നിധി

നാലാമത്തെയും തുടർന്നുള്ള കുട്ടികളെയും സ്വീകരിക്കുന്ന കുടും ബങ്ങൾക്ക് രൂപതാസമൂഹത്തിന്റെ സാമ്പത്തികവും സാമൂഹികവു മായ പിന്തുണ ഉറപ്പാക്കുന്നതിനായി പ്രോലൈഫിന്റെ നേതൃത്വത്തിൽ രൂപീകരിക്കുന്ന സ്ഥിരം കുടുംബസഹായ സംവിധാനമാണിത്. രൂപ തയിലെ ഏകദേശം 28,000 കുടുംബങ്ങളിൽ നിന്ന് പ്രതിമാസം 10 വീതം സ്വരൂപിക്കുന്ന ജനപങ്കാളിത്ത മാതൃകയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

## 4. എപ്പാർക്കിയൽ സ്പോർട്സ് കൗൺസിൽ

കുട്ടികളുടെയും യുവജനങ്ങളുടെയും കായികപ്രതിഭ കണ്ടെത്തി വളർത്തുന്നതിനായി മേഖലഫൊറോനരൂപത തലങ്ങളിലുള്ള സ്ഥിരം പരിശീലന ശൃംഖല സൃഷ്ടിക്കുകയാണ് ലക്ഷ്യം. സ്കൂൾ ഗ്രൗണ്ടു

കൾ പ്രയോജനപ്പെടുത്തി അത്‌ലറ്റിക്സ്, വിവിധ ഗെയിംസ് ഇനങ്ങൾ എന്നിവയിൽ പരിശീലനം നൽകുന്നതിനൊപ്പം ഇടവകകളിലെ വോളിബോൾ സംസ്കാരം പുനരുജ്ജീവിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

### 5. എപ്പാർക്കിയൽ കൾച്ചറൽ ഫോറം

ക്രൈസ്തവ കലാ-സാംസ്കാരിക പൈതൃകത്തിന്റെ സംരക്ഷണത്തിനും പുതിയ കലാപ്രതിഭകളുടെ വളർച്ചയ്ക്കുമായി സ്ഥിരം രൂപതാതല സാംസ്കാരിക സംവിധാനമാണ് ലക്ഷ്യമിടുന്നത്. രൂപതയിലെ അധ്യാപകർക്ക് പരിശീലനം നൽകി സ്ഥിരം Trainer Pool സൃഷ്ടിക്കുകയും ക്രൈസ്തവ കലാരൂപങ്ങൾക്ക് പരിശീലനം നൽകാൻ രൂപതയ്ക്കുള്ളിൽതന്നെ വിദഗ്ധരെ വളർത്തിയെടുക്കുകയും ചെയ്യും.

### 6. സീറോ മലബാർ പൈതൃക സംരക്ഷണവും സാംസ്കാരിക പുനരുജ്ജീവനവും

സുറിയാനി ഭാഷ, തനത് പദപ്രയോഗങ്ങൾ, പള്ളിക്കൂടം സംസ്കാരം, കുടുംബഇടവക പാരമ്പര്യങ്ങൾ, കലാരൂപങ്ങൾ, ഭക്ഷണ സംസ്കാരം, വിവാഹാചാരങ്ങൾ എന്നിവ രേഖപ്പെടുത്തുകയും പുതിയ തലമുറയ്ക്ക് കൈമാറുകയും ചെയ്യുന്ന സ്ഥിരം പൈതൃക സംരക്ഷണ സംവിധാനം രൂപപ്പെടുത്തുകയാണ് ലക്ഷ്യം.

### ഉപസംഹാരം

ആത്മീയത, വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തിക സ്വയംപര്യാപ്തത, കുടുംബക്ഷേമം, കായികം, കലാ-സാംസ്കാരിക പൈതൃകം, സാമൂഹിക പങ്കാളിത്തം എന്നിവയെ സമന്വയിപ്പിച്ചുകൊണ്ട് സമുദായത്തിന്റെ സമഗ്രമായ ശാക്തീകരണത്തിന് സ്ഥിരമായ സംവിധാനങ്ങൾ രൂപപ്പെടുത്തുകയാണ് ഈ പ്രവർത്തനങ്ങളിലൂടെ രൂപത ലക്ഷ്യമിടുന്നത്.

**മോൺ. അബ്രഹാം വയലിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വിശ്വാസപരിശീലനം

## Promoters Meet - 2026

ഈ വർഷം ഓരോ ഇടവകകളിലേക്കും പ്രമോട്ടേഴ്സായി പോകുന്ന അധ്യാപകർക്ക് വേണ്ടിയുള്ള സംഗമം ആഗസ്റ്റ് 22 ശനിയാഴ്ച 9.30 മുതൽ 1 വരെ താമരശ്ശേരി ബിഷപ്പ് ഹൗസ് ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് ആശംസ നേർന്ന് സംസാരിച്ചു. അന്നേ ദിനം പ്രമോട്ടർമാർക്ക് ഡയറക്ടറച്ചൻ മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു.

## Power Cell - 9 മഞ്ഞുവയൽ

ആഗസ്റ്റ് 13ന് മഞ്ഞുവയൽ ഇടവകയിൽ പവർസെൽ നടന്നു. മഞ്ഞുവയൽ, ചെമ്പുകടവ്, വലിയകൊല്ലി, കൂരോട്ടുപാറ, മഞ്ഞുമല എന്നീ ഇടവകകൾ പ്രോഗ്രാമിൽ പങ്കെടുത്തു. അഭിവന്ദ്യ പിതാവ് ക്ലാസുകൾ നൽകി അധ്യാപകരെ പ്രോത്സാഹിപ്പിച്ചു.

## ലൂമിന: പേരാമ്പ്ര, കരുവാരക്കുണ്ട്, കാറ്റുള്ളമല, മഞ്ചേരി

ആഗസ്റ്റ് 9 ഞായറാഴ്ച *കൂരാച്ചുണ്ട് മേഖലയുടെ* ഒന്നാമത്തെ ലൂമിന പ്രോഗ്രാം പേരാമ്പ്ര ദേവാലയത്തിൽ വച്ച് നടന്നു. 110 യുവജനങ്ങൾ പങ്കെടുത്തു.

ആഗസ്റ്റ് 16ന് *കരുവാരക്കുണ്ട് മേഖലയുടെ* ലൂമിന പ്രോഗ്രാം കരുവാരക്കുണ്ട് ഇടവകയിൽ വച്ച് നടന്നു. 65 ഓളം യുവജനങ്ങൾ പങ്കെടുത്ത സമ്മേളനം ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു.

ആഗസ്റ്റ് 23 ഞായറാഴ്ച *കൂരാച്ചുണ്ട് മേഖലയുടെ* രണ്ടാമത്തെ ലൂമിന പ്രോഗ്രാം കാറ്റുള്ളമല ദൈവാലയത്തിൽ വച്ച് നടന്നു. 110 ഓളം യുവജനങ്ങൾ പങ്കെടുത്ത സമ്മേളനം ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു.

ആഗസ്റ്റ് 30 ഞായറാഴ്ച മലപ്പുറം മേഖലയുടെ ലൂമിന പ്രോഗ്രാം മഞ്ചേരി ദൈവാലയത്തിൽ നടന്നു. 85 യുവജനങ്ങൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

### മതബോധന അവധി

ശക്തമായ മഴയായതിനാൽ ആഗസ്റ്റ് 2 ഞായറാഴ്ച സൺഡേസ്കൂളുകൾക്ക് അവധി നൽകി.

### വൈദിക ദിനാചരണം

ആഗസ്റ്റ് 2, 10 തിയതികളിൽ ഇടവകകളിൽ വൈദിക ദിനാചരണവും മതബോധന ദിനാചരണവും നടത്തി. മതബോധനത്തിന്റെ പ്രാധാന്യം പ്രഖ്യാപിച്ച് കൊണ്ട് ഇടവകകളിൽ മതബോധന ഞായറും ആചരിച്ചു.

### ചോദ്യ പേപ്പർ കമ്മിറ്റി

ഒക്ടോബർ 25 ഞായറാഴ്ച നടക്കുന്ന അർദ്ധവാർഷിക പരീക്ഷയുടെ ചോദ്യപേപ്പർ തയാറാക്കുന്നതിനുള്ള ചോദ്യപേപ്പർ കമ്മറ്റി ആഗസ്റ്റ് 14-ാം തിയതി സമ്മേളിച്ചു. തയാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പദ്ധതികളും യോഗം ചർച്ച ചെയ്തു.

### പ്രധാന അധ്യാപകരുടെ ഓൺലൈൻ സമ്മേളനം

കാറ്റക്കിസം ഡിപ്പാർട്ട്മെന്റും എയ്ഡർ ഫൗണ്ടേഷനും സംയുക്തമായി കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായകമായ പരീക്ഷകളും പദ്ധതികളും വിഭാവനം ചെയ്യാൻ ഓൺലൈനായി പ്രധാനാധ്യാപകർക്കുവേണ്ട നിർദ്ദേശങ്ങൾ നൽകി.

### Bible Jorney- 1000 ദിവസത്തെ വചന വായന

1000 ദിവസത്തെ വചന വായന ആഗസ്റ്റ് മാസത്തിൽ, പുറപ്പാട് 12-ാം അധ്യായം മുതൽ 40 വരെ അധ്യായങ്ങൾ വായന പൂർത്തിയാക്കി. അധ്യാപകരും കുട്ടികളും പങ്കെടുക്കുന്ന വചനവായന പദ്ധതിയിൽ ഓരോ അധ്യായത്തിന്റെയും ചെറിയ ഒരു വ്യാഖ്യാനം കൂടി നൽകുന്നുണ്ട്.

### ACC 13, 14, 15 Online Class

**ACC 13: "ആധ്യാത്മിക മേഖലയിലെ നൂതന പ്രവണതകൾ"** എന്ന

വിഷയത്തെ കുറിച്ച് ഫാ. തോമസ് പുലയൻപറമ്പിലും, **"ഞായറാഴ്ച ആചരണം"** എന്ന വിഷയത്തെ കുറിച്ച് ഫാ. ജോർജ് വെള്ളാരംകാലായിലും ക്ലാസുകൾ നയിച്ചു.

**ACC 14: "ദൈവനാമത്തിന്റെ അർഥവും പ്രാധാന്യവും"** എന്ന വിഷയത്തെ കുറിച്ച് ഫാ. തോമസ് പുലയൻപറമ്പിലും **"വി.കുർബാന"** എന്ന വിഷയത്തെ കുറിച്ച് ഫാ. ജോസ് അന്തീനാട്ടും ക്ലാസുകൾ നയിച്ചു.

**ACC 15: "മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്"** എന്ന വിഷയങ്ങളെ കുറിച്ച് ശ്രീ. ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു.

## Media Catechesis

**ACC 13, 14, 15** ന്റെ ഓൺലൈൻ ക്ലാസ്സുകൾ, ലൂമിന, പവർസെൽ എന്നിവയുടെ വീഡിയോകൾ, വിശ്വാസപരിപോഷണമാസത്തെക്കുറിച്ചുള്ള അഭിവന്ദ്യ പിതാവിന്റെ സന്ദേശവും കാറ്റക്കിസം ചാനലിൽ സംപ്രേഷണം ചെയ്തു.

### SEPTEMBER 2026

6 ഞായർ - **ലൂമിന-11 : കൂരാച്ചുണ്ട് മേഖല-3 @ കരിയാത്തുംപാറ** (കല്ലാനോട്, കക്കയം, കരിയാത്തുംപാറ, തലയാട്)

9 ബുധൻ - ഫാ. മാലിപ്പറമ്പിൽ ചരമദിനം (CML)

13 ഞായർ - ACC 13, 14, 15 Online Class - 7
**ലൂമിന-12 : കോടഞ്ചേരി മേഖല - 2 @ കോടഞ്ചേരി** (കോടഞ്ചേരി, ഈരൂട്, തെയ്യപ്പാറ)

20 ഞായർ - **ലൂമിന-13: പെരിന്തൽമണ്ണ മേഖല- 1@ മാലാപറമ്പ്** (മാലാപറമ്പ്, ചീരാട്ടമല, മരിയാപുരം, കുറ്റിപ്പുറം, പാലൂർക്കോട്ട)

27 ഞായർ - **ലോഗോസ് ക്വിസ്സ്**
ACC 13, 14, 15 Online Class - 8

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# സെമിനാരി വാർത്തകൾ

## വിയാനി ദിനം

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുന്നാളിനോടനുബന്ധിച്ച് ബഹുമാനപ്പെട്ട ഫാ. മാത്യു കൊല്ലംപറമ്പിൽ വി.കുർബാന അർപ്പിച്ചു വചന സന്ദേശം നൽകി. സെമിനാരി വിദ്യാർഥികൾ ബഹുമാനപ്പെട്ട വൈദികർക്ക് അന്നേ ദിവസത്തിന്റെ മംഗളങ്ങൾ നേരുകയും ചെയ്തു.

## വൈദിക കൂട്ടായ്മ

ആഗസ്റ്റ് 12 ന് താമരശ്ശേരി കത്തിഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ റെമിജിയോസ് പിതാവിന്റെ ബാച്ചുകാർ ഒരുമിച്ച് അർപ്പിച്ച ദിവ്യബലിയിൽ വൈദിക വിദ്യാർഥികൾ പങ്കെടുത്തു. അഭിവന്ദ്യ റെമിജിയോസ് പിതാവിന്റെ സതീർഥ്യരായ മാർ സ്റ്റീഫൻ ചിറപ്പണത്ത്, മാർ പോൾ ആലപ്പാട്ട്, മാർ ആന്റണി സിൽവാനോസ് എന്നിവരും മറ്റ് വൈദികരും മൈനർ സെമിനാരി സന്ദർശിച്ച് വിദ്യാർഥികളുമായി സംവദിച്ചു.

## പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളും ഭാരത സ്വാതന്ത്ര്യ ദിനവും

പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് ഫാ. മാത്യു കൊല്ലംപറമ്പിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. സെമിനാരി റെക്ടർ ഫാ. കുര്യൻ താന്നിക്കൽ സ്വാതന്ത്ര്യ ദിനത്തിന്റെ ഓർമ്മ ആചരിച്ചുകൊണ്ട് പതാക ഉയർത്തി. 11.30 ന് നടന്ന പൊതുസമ്മേളനത്തിൽ താമരശ്ശേരി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ സജി അഗസ്റ്റിൻ സെമിനാരി വിദ്യാർഥികൾക്ക് അന്നേ ദിവസത്തിന്റെ സന്ദേശം നൽകി.

### ഉപകാരികളുടെ സ്നേഹസംഗമം

സെമിനാരി വിദ്യാർഥികളുടെ പരിശീലനത്തിന് പ്രാർഥന വഴിയും സാമ്പത്തികമായും സഹായിക്കുന്ന ഉപകാരികളുടെ സംഗമം ആഗസ്റ്റ് പതിനാറാം തീയതി ഞായറാഴ്ച സംഘടിപ്പിച്ചു. അഭിവന്ദ്യ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർഥിച്ചു. വൈദിക വിദ്യാർഥികളുടെ കലാവിരുന്ന് അന്നത്തെ ദിവസത്തെ കൂടുതൽ വർണ്ണാഭമാക്കി. സ്നേഹവിരുന്നിനു ശേഷം എല്ലാവരും സ്വഭാവനങ്ങളിലേക്ക് മടങ്ങി.

### വർക്ക് ഷോപ്പ് : ഡോക്യുമെന്ററി ഫിലിം മേക്കിങ്

ഡോക്യുമെന്ററി ഫിലിം സംവിധായകനും അവാർഡ് ജേതാവുമായ തേവര എസ്. എച്ച് കോളേജ് അധ്യാപകൻ ഡോ. രാജേഷ് ജെയിംസ് എളൂക്കുന്നേൽ അർദ്ധദിന വർക്ക്ഷോപ്പ് ആഗസ്റ്റ് 22 ശനിയാഴ്ച നടത്തി. അൽഫോൻസ സെമിനാരിയിലെ പൂർവ വിദ്യാർഥിയായ ഡോ. രാജേഷ് അന്താരാഷ്ട്ര ചലച്ചിത്ര വേദികളിൽ തന്റെ ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കുകയും അനേകം അവാർഡുകൾ നേടുകയും ചെയ്തിട്ടുള്ള വ്യക്തിത്വമാണ്. കാലഘട്ടത്തിനനുസരിച്ച് വൈദിക പരിശീലനത്തിൽ ഡിജിറ്റൽ ലോകത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം വൈദിക വിദ്യാർഥികളെ ഓർമിപ്പിച്ചു.

### ഓണാഘോഷം

കേരളത്തിന്റെ പൈതൃകത്തെ വിളിച്ചോതിക്കൊണ്ട് സെമിനാരി കുടുംബം ഓണം ആഗസ്റ്റ് 23 ഞായറാഴ്ച ആഘോഷിച്ചു. നിരവധി ഓണക്കളിയിലൂടെ സന്തോഷവും സഹോദര്യവും നിറയുകയും ഓണസദ്യയോടെ പരിപാടികൾ അവസാനിക്കുകയും ചെയ്തു. സെമിനാരി വിദ്യാർഥികൾ പത്തു ദിവസത്തെ അവധിക്കായി തങ്ങളുടെ ഭവനങ്ങളിലേക്ക് മടങ്ങി.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, സെന്റ് അൽഫോൻസ മൈനർ സെമിനാരി

# യൂദിത്ത് ഫോറം

## യൂദിത്ത് ഫോറം കോർ ഗ്രൂപ്പ് മീറ്റിംഗ്

താമരശ്ശേരി രൂപത യൂദിത്ത് ഫോറത്തിന്റെ എക്സിക്യൂട്ടീവ് യോഗം നടത്തി. രൂപതാ, മേഖല ഭാരവാഹികളും ആനിമേറ്റ്സും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു. രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷത വഹിച്ചു. രുപത ആനിമേറ്റർ സി. റെനിജോസ് സി.എം.സി നടത്തിയ പ്രാർഥനയോടെ ആരംഭിച്ച മീറ്റിങ്ങിൽ രൂപത സെക്രട്ടറി മിനി മാത്യു സ്വാഗതം ആശംസിച്ചു. സി. ജോസ്മി എസ്. എച്ച് (സോഷ്യൽ വർക്ക് കൗൺസിലർ) കോർ ഗ്രൂപ്പ് അംഗങ്ങളായ സി. ജാൻസി മരിയ എഫ്സിസി. സി. വിമൽ ജോസ് എസ്എച്ച്, മേഖല ആനിമേറ്റർമാരായ സി. റാണിറ്റ എസ്എച്ച്, സി. ഗീത സിഎംസി, മേരി പൗലോസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, യൂദിത്ത് ഫോറം



# കരുണാഭവൻ

വൈദിക ദിനാചരണം ആഗസ്റ്റ് 4 നും, 15 ന് സ്വാതന്ത്ര്യദിനവും ആചരിച്ചു. വിവിധ സംഘടനകളും കോളേജ്-സ്കൂൾ വിദ്യാർത്ഥികളും കരുണാഭവൻ സന്ദർശിച്ച് കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ഉദാരമതികളായ ആളുകൾ കരുണാഭവനെ സാമ്പത്തികമായി സഹായിച്ചു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം

## വൈദികദിനം

ഇടവക വൈദീകരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ശാഖ തലം മുതൽ രൂപത തലം വരെയുള്ള ഡയറക്ടർ അച്ചന്മാർക്ക് ആശംസകൾ നേർന്നു.

## കുഞ്ഞേട്ടൻ ക്വിസ് മത്സരം

ചെറുപുഷ്പ മിഷൻ ലീഗ് സ്ഥാപകനായ പിസി അബ്രഹാം പല്ലാട്ടുകുന്നേലിന്റെ പതിനേഴാം ചരമവാർഷിക ദിനത്തോടനുബന്ധിച്ച് സംസ്ഥാനതലത്തിൽ അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി നടത്തിയ കുഞ്ഞേട്ടൻ ക്വിസ് മത്സരത്തിൽ നമ്മുടെ രൂപതയിലെ വിവിധ ശാഖകളിൽ നിന്ന് കുട്ടികൾ പങ്കെടുക്കുകയും കണ്ണോത്ത് ഇടവകാംഗം ആൻ ലിയ തെരേസ് സജി മെഴുകനാൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

## കുഞ്ഞേട്ടൻ അനുസ്മരണ ദിനം

ചെറുപുഷ്പ മിഷൻ ലീഗ് കേരള സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടന്ന പതിനേഴാമത് കുഞ്ഞേട്ടൻ അനുസ്മരണ ദിനത്തിൽ താമരശ്ശേരി രൂപതയിലെ ചെറുപുഷ്പ മിഷൻ ലീഗ് ഭാരവാഹികൾ ചെമ്മലമറ്റം പന്ത്രണ്ട് ശിഷ്യന്മാരുടെ പള്ളിയിൽ വി. കുർബാന അർപ്പിച്ച് പ്രാർഥിക്കുകയും കുഞ്ഞേട്ടന്റെ കബറിടം സന്ദർശിക്കുകയും ചെയ്തു. ശാഖ, മേഖല, രൂപത തലത്തിലും കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. അല്മായ നേതൃത്വ ദിനമായ അന്ന് വിവിധ തലങ്ങളിലുള്ള ഭാരവാഹികളെ ആദരിക്കുകയും ചെയ്തു.

## രൂപത, മേഖല സാഹിത്യ മത്സരങ്ങൾ.

ഈ വർഷത്തെ രൂപത, മേഖല സാഹിത്യ മത്സരങ്ങൾ ഓഗസ്റ്റ് 9 ഞായറാഴ്ച വിവിധ മേഖല കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു.

### മാർ മങ്കുഴിക്കരി ഉപന്യാസമത്സര വിജയികൾ

*ജൂനിയർ വിഭാഗം:* 1st മിഷേൽ ചെമ്പുകെട്ടിക്കൽ, കൂടരഞ്ഞി
2nd നീയ റ്റി തെരേസ്, പെരിന്തൽമണ്ണ

*സീനിയർ വിഭാഗം:* 1st അന്ന വലിയവീട്ടിൽ, കല്ലാനോട്
2nd ആൻലിൻ എള്ളുക്കുന്നേൽ വിലങ്ങാട്

### എയ്ഞ്ചൽസ് മീറ്റ്

വിവിധ മേഖലകളുടെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ ഏഞ്ചൽസ് മീറ്റ് നടത്തപ്പെട്ടു.

### ശാഖാ മേഖല സന്ദർശനങ്ങൾ

2025-26 പ്രവർത്തന വർഷത്തെ മികച്ച ശാഖ, മേഖലകളെ തിരഞ്ഞെടുക്കുന്നതിനായി രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പെരിന്തൽമണ്ണ, തിരുവമ്പാടി മേഖലകളിലും തിരുവമ്പാടി, കല്ലാനോട്, കട്ടിപ്പാറ, മാലാപറമ്പ് ശാഖകളിലും സന്ദർശനം നടത്തുകയും മികച്ച റിപ്പോർട്ടുകൾ സംസ്ഥാന സമിതിക്ക് സമർപ്പിക്കുകയും ചെയ്തു.

### മാർഗരേഖ തയ്യാറാക്കൽ മത്സരം

2026-27 പ്രവർത്തന വർഷത്തെ ശാഖ, മേഖല മാർഗരേഖ തയ്യാറാക്കൽ മത്സരം നടത്തുകയും രൂപത ഓഫീസിൽ എത്തിക്കുകയും ചെയ്തു.

### തിരുബാലസഖ്യം

കുട്ടികളെ വിശുദ്ധ ജോൺ മരിയ വിയാനി, വിശുദ്ധ ക്ലാര, വിശുദ്ധ ബെർണർദ്, വിശുദ്ധ മോനിക്ക, എന്നീ തിരുനാളുകൾ പരിചയപ്പെടുത്തി.

വിശുദ്ധ ജോൺ മരിയ വിയാനി ദിനത്തിൽ ബഹുമാനപ്പെട്ട എല്ലാ വൈദികർക്കും ആശംസകളും പ്രാർഥനകളും നേർന്നു.

**ഫാ. ജോർജ് കരിന്തോളിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

# CAMP

മാനസികാരോഗ്യ സംരക്ഷണത്തിനും കൗൺസിലിംഗ് സേവനങ്ങൾക്കും പ്രാധാന്യം നൽകി പ്രവർത്തിക്കുന്ന CAMP (Calicut Centre for Advanced Mental Health Care and Psychotherapy), സമൂഹത്തിലെ വിവിധ വിഭാഗങ്ങളിലുള്ള വ്യക്തികൾക്കും കുടുംബങ്ങൾക്കും കുട്ടികൾക്കും സമഗ്രവും ശാസ്ത്രീയവുമായ മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ടുകൊണ്ടുപോകുകയാണ്. സൂപ്പർവൈസർ ഫാ. കുര്യൻ പുരമഠത്തിലിന്റെ മേൽനോട്ടത്തിലും, നേതൃത്വത്തിലും പരിചയസമ്പന്നരായ മാനസികാരോഗ്യ വിദഗ്ധരുടെ സഹകരണത്തോടെയാണ് CAMP പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## ആർട്ട് തെറാപ്പി വർക്ക്ഷോപ്പ്

മാനസികാരോഗ്യ പ്രവർത്തനത്തിന്റെ ഭാഗമായി പുല്ലൂരാംപാറ സെന്റ് ജോസഫ് യു.പി. സ്കൂളിൽ വിദ്യാർഥികൾക്കായി ജൂലൈ മാസം ആർട്ട് തെറാപ്പി വർക്ക് ഷോപ്പ് സംഘടിപ്പിച്ചു.

## മാനസികാരോഗ്യ ബോധവത്കരണ ക്ലാസ്

2026 ജൂലൈ 24-ന് വേളങ്കോട് സെന്റ് ജോർജ് യു.പി. സ്കൂളിൽ വിദ്യാർത്ഥികൾക്കായി മാനസികാരോഗ്യ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

കുട്ടികളുടെ ബൗദ്ധിക ശേഷി ശാസ്ത്രീയമായി വിലയിരുത്തുന്നതിനായി എല്ലാ ബുധനാഴ്ചകളിലും IQ Assessment ഉൾപ്പെടെയുള്ള വിവിധ മാനസിക വിലയിരുത്തലുകൾ CAMP-ൽ സ്ഥിരമായി സംഘടിപ്പിച്ചുവരുന്നു. കൂടുതൽ വിവരങ്ങൾക്ക്: 62383 87716

**ഫാ. ജോർജ് നരിവേലിൽ**
ഡയറക്ടർ, ക്യാമ്പ്

# മദ്ബഹ ശുശ്രൂഷ സംഘം (SMART)

## ദിവ്യനാദം, തിരിനാളം - സന്ദേശങ്ങൾ

ആഗസ്റ്റ് മാസത്തേക്കുള്ള കർമ്മപദ്ധതിയായ 'ദിവ്യനാദവും', മാസത്തിൽ രണ്ടുതവണ പഠനത്തിനായി നൽകുന്ന വചനം, സുകൃതജപം, പ്രാർഥനാനിയോഗം എന്നിവ ഉൾപ്പെടുന്ന 'തിരിനാളം' സന്ദേശങ്ങളും എല്ലാ യൂണിറ്റുകളിലേക്കും കൈമാറി.

## ഇടവക സന്ദർശനം

കുളത്തുവയൽ ഇടവക സന്ദർശിച്ച് അൾത്താര ബാലന്മാരുടെ പ്രവർത്തനവർഷത്തിന് അനുഗ്രഹീതമായ തുടക്കം കുറിക്കുകയും അൾത്താര ശുശ്രൂഷയ്ക്കുള്ള വസ്ത്രങ്ങൾ അണിയിച്ച് അവരെ ശുശ്രൂഷയിലേക്ക് സ്നേഹപൂർവം സ്വീകരിക്കുകയും നേതൃത്വപരിശീലനം നൽകുകയും ചെയ്തു.

## മത്സരം

സ്വർഗ്ഗാരോപണ തിരുനാളിനോടും സ്വാതന്ത്ര്യദിനത്തോടും അനുബന്ധിച്ച് SMART അംഗങ്ങൾക്കായി 'മറിയം സ്വാതന്ത്ര്യത്തിന്റെ ഉദാത്ത മാതൃക' എന്ന വിഷയത്തെ ആസ്പദമാക്കി പരമാവധി നാലുമിനിട്ട് ദൈർഘ്യമുള്ള വീഡിയോ പ്രസംഗം സംഘടിപ്പിച്ചു.

## സ്റ്റാറ്റസ് വീഡിയോ

ഇടവക വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച്, വിശുദ്ധന്റെ ജീവിതവും വൈദികരുടെ ദൗത്യത്തിന്റെ പ്രാധാന്യവും പങ്കുവയ്ക്കുന്ന സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കി.

**ഫാ. ജോർജ് കരിന്തോളിൽ**
ഡയറക്ടർ, മദ്ബഹ ശുശ്രൂഷ സംഘം

# കെ.സി.വൈ.എം-എസ്.എം.വൈ.എം.

## യുവ 2026 സാഹിത്യരചന മത്സരങ്ങൾ

കെ.സി.വൈ.എം-എസ്.എം.വൈ.എം താമരശ്ശേരി രൂപതയുടെ 2026 വർഷത്തെ സാഹിത്യരചനാ മത്സരങ്ങൾ 'യുവ 2026' രൂപതയിലെ 12 മേഖലകളിൽ ആയി നടത്തപ്പെട്ടു. 2026 ജൂലൈ 26ന് ഉച്ചക്ക് 2 മണി മുതൽ 5 മണി വരെ ആണ് മത്സരങ്ങൾ ഒരുക്കിയത്. രൂപത പ്രസിഡന്റ് ആൽബിൻ ജോസ്, ഡയറക്ടർ ഫാ. കുര്യൻ ചെറുശ്ശേരിൽ, രൂപത കലോത്സവം കോർഡിനേറ്റർ അലോണ ജോൺസൺ, ആനിമേറ്റർ സി. റോസീൻ എസ്എബിഎസ്, മറ്റ് രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## Athletikos 6.0

കെ.സി.വൈ.എം-എസ്.എം.വൈ.എം താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ Athletikos 6.0 ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. പാറോപ്പടി മേഖലയുടെ ആതിഥേയത്വത്തിൽ പാറോപ്പടി സിൽവർ ഹിൽസ് ഹയർ സെക്കന്ററി സ്കൂളിൽ നടത്തിയ മത്സരം പാറോപ്പടി ഫൊറാന വികാരി ഫാ. സൈമൺ കിഴക്കേക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപതയിലെ 37 ടീമുകൾ പങ്കെടുത്ത മത്സരത്തിൽ ചാമ്പ്യൻസ് കിരീടം കൂരാച്ചുണ്ട് യൂണിറ്റും ഫസ്റ്റ് റണ്ണേഴ്സപ്പ് കിരീടം പാലൂർകോട്ട യൂണിറ്റും സ്വന്തമാക്കി. രൂപത പ്രസിഡന്റ് ആൽബിൻ ജോസ്, രൂപത ഡയറക്ടർ ഫാ. കുര്യൻ ചെറുശ്ശേരിൽ, ജനറൽ സെക്രട്ടറി അലൻ ബിജു, ആനിമേറ്റർ സി. റോസീൻ എസ്എബിഎസ്, വൈസ് പ്രസിഡന്റ് ബോണി സണ്ണി, രൂപത സ്പോർട്സ് കോർഡിനേറ്റർ രോഹിത്. സി. ജോസഫ്, രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ആൻ ട്രീസ, ഡെൽവിൻ, ആൽബിൻ പിസി, ഡെൽബിൻ, എറിൻ, അലോണ, സെബിൻ, ഫെബിൻ, കെ.സി.വൈ.എം സംസ്ഥാന വൈസ് പ്രസിഡന്റ് അഗി മരിയ ജോസഫ്, പാറോപ്പടി മേഖല ഡയറക്ടർ ഫാ. ലോനപ്പൻ ചിറയത്ത്, മേഖല പ്രസിഡന്റ്

അബ്രഹാം ജോസഫ്, മറ്റ് മേഖല ഭാരവാഹികൾ എന്നിവർ ടൂർണമെന്റിന് നേതൃത്യം നൽകി.

## രൂപത അർദ്ധ വാർഷിക സെനറ്റ്

കഴിഞ്ഞ ആറ് മാസകാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനം ആഗസറ്റ് 8 ന് ശനിയാഴ്ച താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. 12 മേഖലകളിൽ നിന്നായി 100 ഓളം മേഖല നേതാക്കന്മാർ പങ്കെടുത്തു. രൂപത പ്രസിഡന്റ് ആൽബിൻ ജോസ് കാക്കനാട്ട് അധ്യക്ഷത വഹിച്ച സെനറ്റ് സമ്മേളനം മാനന്തവാടി രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. കുര്യൻ ചെറുശ്ശേരിൽ, സെക്രട്ടറിമാരായ അനീഷ്. കെ.ജോസ്, അൻസിൽ തോമസ്, ആനിമേറ്റർ സി. റൊസീൻ എസ്.എ.ബി.എസ്, വൈസ് പ്രസിഡന്റ് ബിൽഹാ മാത്യു എന്നിവർ സംസാരിച്ചു. 12 മേഖലകളിൽ നിന്നും റിപ്പോർട്ട് അവതരിപ്പിച്ചു. രൂപത റിപ്പോർട്ട് രൂപത സെക്രട്ടറി അൻസിൽ തോമസ് അവതരിപ്പിച്ചു. സെനറ്റ് സമ്മേളനത്തിൽ വച്ച് രൂപത കെ. സി. വൈ. എം.-എസ്. എം. വൈ. എം. ജനറൽ സെക്രട്ടറി ആയി തോട്ടുമുക്കം മേഖലയിൽ നിന്ന് അലൻ ബിജു മാലശ്ശേരിൽ, സംസ്ഥാന സെനറ്റ് മെംമ്പറായി പാറോപ്പടി മേഖലയിൽ നിന്ന് രോഹിത്. സി. ജോസഫ് ചിറക്കൽ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

## സംസ്ഥാന അർദ്ധ വാർഷിക സെനറ്റ്

2026 ആഗസ്റ്റ് 14,15,16 തീയതികളിൽ പാലായിൽ വച്ച് നടന്ന കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ 48-ാമത് സംസ്ഥാന അർദ്ധ വാർഷിക സെനറ്റിൽ നമ്മുടെ രൂപതയിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഡയറക്ടർ ഫാ. കുര്യൻ ചെറുശ്ശേരിൽ, ആൽബിൻ ജോസ് കാക്കനാട്ട്, അലൻ ബിജു, സി. റോസീൻ എസ്.എ.ബി.എസ്, അഗി മരിയ ജോസഫ്, അലോണ ജോൺസൺ, രോഹിത്. സി. ജോസഫ്, ഡെൽവിൻ, ആൻട്രീസ, ആൽബിൻ പിസി എന്നിവർ പങ്കെടുത്തു.

**ഫാ. കുര്യൻ ചെറുശ്ശേരിൽ**
ഡയറക്ടർ, കെ.സി.വൈ.എം-എസ്.എം.വൈ.എം

# കത്തോലിക്ക കോൺഗ്രസ്

## പ്രീസ്റ്റ് ഹോം സന്ദർശനവും വൈദിക ദിനാചരണവും

വൈദിക ദിനത്തോടനുബന്ധിച്ച് രൂപത എക്സിക്യൂട്ടീവ് സമിതിയുടെയും ഫൊറോന പ്രസിഡന്റുമാരുടെയും നേതൃത്വത്തിൽ വിയാനി വൈദിക മന്ദിരം സന്ദർശിച്ചു. വിശ്രമജീവിതം നയിക്കുന്ന വൈദികരുമായി സമയം ചെലവഴിക്കുകയും പ്രാർഥിക്കുകയും സൗഹൃദം പുതുക്കുകയും ചെയ്തു. രൂപതയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കായി സേവനം ചെയ്ത വൈദികരെ അനുമോദിച്ച് സ്നേഹസമ്മാനങ്ങൾ നൽകി. രൂപതയിലെ കത്തോലിക്ക കോൺഗ്രസ് യൂണിറ്റുകളുടെ നേതൃത്വത്തിലും വികാരിമാരെ ആദരിക്കുകയും ഉപഹാരങ്ങൾ നൽകുകയും പ്രാർഥന നടത്തുകയും ചെയ്തു.

## ഇഎസ്എ നിർണയത്തിലുള്ള ആക്ഷേപം

കർഷകരെയും ജനവാസ മേഖലകളെയും ബാധിക്കുന്ന ഇഎസ്എ നിർണയ മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കണമെന്ന് കത്തോലിക്ക കോൺഗ്രസ് ആവശ്യപ്പെട്ടു. ഇഎസ്എ കരട് വിജ്ഞാപനം മലയാളത്തിൽ പ്രസിദ്ധീകരിക്കുക, വില്ലേജ് അതിർത്തികൾ വ്യക്തമാക്കുന്ന മാപ്പ് പ്രസിദ്ധീകരിക്കുക, പരാതികൾ സമർപ്പിക്കാൻ മതിയായ സമയം അനുവദിക്കുക, തദ്ദേശസ്ഥാപനങ്ങളുടെയും സംസ്ഥാന സർക്കാരിന്റെയും ശുപാർശകൾ പരിഗണിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു.

131 വില്ലേജുകളിലായി 9,993.7 ചതുരശ്ര കിലോമീറ്റർ വനപ്രദേശം എന്ന കണക്കിലെ പിഴവ് തിരുത്തണമെന്നും റവന്യൂ വില്ലേജുകളെ പൂർണമായും ഇഎസ്എ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് ശക്തമായ ജനകീയ പ്രതിഷേധം വിവിധ തലങ്ങളിൽ സംഘടിപ്പിച്ചു.

### കത്തോലിക്ക കോൺഗ്രസ് ദേശീയ സമ്മേളനം

"സമുദായ ശാക്തീകരണം രാഷ്ട്രപുരോഗതിക്ക്" എന്ന മുദ്രാവാക്യത്തോടെ കല്യാൺ രൂപതയുടെ നേതൃത്വത്തിൽ മുംബൈയിൽ നടന്ന കത്തോലിക്ക കോൺഗ്രസ് ദേശീയ സമ്മേളനത്തിൽ താമരശ്ശേരി രൂപതയിൽ നിന്ന് ബിഷപ്പ് ലഗേറ്റ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ എന്നിവരടക്കം എട്ട് പ്രതിനിധികൾ പങ്കെടുത്തു.

### ഓണാഘോഷം

കത്തോലിക്ക കോൺഗ്രസിന്റെ വിവിധ യൂണിറ്റുകളിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. മുതുകാട്, കോടഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിൽ വടംവലി, അമ്പെയ്ത്ത് തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചു.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്ക കോൺഗ്രസ്



## കരിസ്മാറ്റിക് മൂവ്മെന്റ്

### ജാഗരണ പ്രാർത്ഥന

ജൂലൈ മാസത്തിലെ ജാഗരണ പ്രാർഥന 31-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 7 മുതൽ രാവിലെ 5 വരെ പുല്ലൂരാംപാറ ബഥാനിയ ധ്യാന സെന്ററിൽ നടത്തി. ബഥാനിയ ഡയറക്ടർ ഫാ. റോണി പോൾ എല്ലാവരെയും സ്വാഗതം ചെയ്തു. സോണൽ ആനിമേറ്റർ 7 മണിക്ക് വിശുദ്ധ കുർബാനയും ആമുഖ സന്ദേശവും നൽകി. കോഴിക്കോട് സോൺ സർവീസ് ടീം അംഗങ്ങൾ ജാഗരണ പ്രാർഥനയ്ക്ക് നേതൃത്വം നൽകി.

**ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# എയ്ഡർ എഡ്യൂക്കെയർ

## ഓൺലൈൻ സെലക്ഷൻ പരീക്ഷ

രൂപതയിലെ പഠനപരമായി മികവുള്ള വിദ്യാർഥികളെ കണ്ടെത്തുന്നതിനായി കാറ്റക്കിസം ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് ഓൺലൈൻ സെലക്ഷൻ പരീക്ഷ നടത്തി. കാറ്റഗറി ഒന്നിൽ 6, 7, 8 ക്ലാസിലെ 600 ഓളം കുട്ടികളും കാറ്റഗറി രണ്ടിൽ 9, 10, 11, 12 ക്ലാസുകളിലെ 400 ഓളം കുട്ടികളും പരീക്ഷയിൽ പങ്കെടുത്തു. സിവിൽ സർവീസ്, റിസർച്ച്, കേരള-കേന്ദ്ര ഗവൺമെന്റ് തല ഉന്നത പദവികളിലേക്കും കുട്ടികളെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പ്രാഥമിക സെലക്ഷൻ ആണ് ഈ പരീക്ഷയിലൂടെ നടത്തിയത്.

## സമുദായ സമുന്നതി

താമരശ്ശേരി രൂപത സമുദായ ശക്തീകരണ പദ്ധതിയായ സമുദായ സമുന്നതിയിൽ എയ്ഡർ എഡ്യൂക്കെയർ ടീം സജീവമായി പങ്കെടുത്തു. നരിനട ഇടവകയിൽ ഓഗസ്റ്റ് 16 ന് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ 6, 7, 8 ക്ലാസിലെ കുട്ടികൾക്കുള്ള സ്കിൽ അസ്സെൻസ് ട്രെയിനിങ്ങും 9 മുതൽ പ്ലസ് ടു വരെയുള്ള കുട്ടികൾക്കുള്ള അപ്റ്റിട്യൂഡ് ക്ലിയറിങ് ടെസ്റ്റും നടത്തി. സി. ജിസ്‌ലറ്റ്, സി. റീന, സി. ക്രിസ്റ്റീന എന്നിവർ നേതൃത്വം നൽകി. സി. ഡോണ എഫ്സിസി, സി. സോന എഫ്സിസി എന്നിവർ സഹകാരികളായി. ഫാ. സബിൻ തൂമുള്ളിൽ, ഫാ. മെൽവിൻ വെള്ളക്കാക്കുടിയിൽ എന്നിവർ ക്ലാസുകൾ നയിച്ചു.

## പ്രൊജക്റ്റ് ജെംസ് ക്യാമ്പ്

ആഗസ്റ്റ് 24 ന് താമരശ്ശേരി മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ വച്ച് കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ പ്രൊജക്റ്റ് ജെംസ് അംഗങ്ങളായ കുട്ടികൾക്ക് വേണ്ടി

ഏകദിന ക്യാമ്പ് റൈസ് ടു എക്സ് ലെൻസ് കോഡിനേഷൻ ടീമിന്റെ നേതൃത്വത്തിൽ നടത്തി. ക്യാമ്പിന്റെ സജ്ജീകരണങ്ങൾ എയ്ഡർ ടീമിന്റെ നേതൃത്വത്തിൽ നിർവ്വഹിച്ചു. രൂപതയിൽ നിന്നും ഈ വർഷം 10 കുട്ടികൾ പദ്ധതിയിൽ എയ്ഡർ എഡ്യൂക്കെയറിന്റെ കീഴിൽ അംഗങ്ങളായി ഫോർമേഷൻ സ്വീകരിച്ചു വരുന്നു. വിവിധ കോൺഗ്രിഗേഷനുകളിൽ നിന്നായി മുപ്പതോളം കുട്ടികൾ രൂപതയിൽ നിന്നും ഈ പദ്ധതിയിൽ പങ്കുചേരുന്നു.

## വിവിധ യോഗങ്ങൾ

*സമുദായ സമുന്നതി:* 'സമുദായ സമുന്നതി'ക്ക് ഒരുക്കമായി ഓഗസ്റ്റ് പത്താം തീയതി ബിഷപ്പ് ഹൗസിൽ വച്ച് ടീം മീറ്റ് നടത്തുകയും വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ പങ്കെടുക്കുകയും ചെയ്തു.

*എൻ.എൽ.പി ടീം മീറ്റ്:* വിലങ്ങാട് മേഖല കേന്ദ്രീകരിച്ച് നടത്തുന്ന ഒരുക്കമായി എൻ.എൽ.പി ടീം ഓഗസ്റ്റ് പതിനേഴാം തീയതി ഓൺ ലൈനായും ഓഗസ്റ്റ് 20ന് ഓഫ് ലൈനായും നടത്തി. ക്യാമ്പിനുള്ള ഒരുക്കങ്ങൾ പ്രസ്തുത മീറ്റിൽ ചർച്ച ചെയ്ത് തീരുമാനിച്ചു.

*സ്റ്റുഡന്റ്- പേരൻസ് മീറ്റിംഗ്:* നാലുവർഷത്തെ സിവിൽ സർവീസ് ഫൗണ്ടേഷൻ കോച്ചിംങ്ങിനോട് അനുബന്ധിച്ച്, സ്റ്റുഡന്റ്-പേരൻസ് മീറ്റിംഗ് നടത്തി. റൈസ് ടു എക്സലൻസ് ടീം അവതരണം നടത്തി.

*എയ്ഡർ എഡ്യൂക്കെയർ ടീം മീറ്റിംഗ്:* ആഗസ്റ്റ് 4, 14, 19 തീയതികളിൽ നടന്നു.

## അറിയിപ്പ്

എൻ.എൽ.പി ലൈഫ് ലോഞ്ച് ക്യാമ്പ് ആഗസ്റ്റ് 28 മുതൽ 30 വരെ വിലങ്ങാട് സംഘടിപ്പിക്കുന്നു.

**ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എയ്ഡർ എഡ്യൂകെയർ

# ബഥാനിയ ധ്യാനകേന്ദ്രം

'അവന്റെ മുറിവിനാൽ നിങ്ങൾ
സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു' (1 പത്രോ 2,24)

## അഖണ്ഡജപമാല സമർപ്പണവും ദിവ്യകാരുണ്യ ആരാധനയും

ജൂലൈ 16-ാം തിയതി ആരംഭിച്ച് 101 ദിവസങ്ങൾ നീണ്ടു നിൽക്കുന്ന അഖണ്ഡജപമാല സമർപ്പണത്തിൽ പങ്കെടുക്കുന്നതിന് ആയിരക്കണക്കിന് ആളുകളാണ് ഓരോ ദിവസവും വരുന്നത്. കുടുംബ വിശുദ്ധീകരണവും ലോകസമാധാനവുമാണ് ഈ വർഷത്തെ പ്രധാന നിയോഗങ്ങളായി തിരഞ്ഞെടുത്തിരിക്കുന്നത്.

അഖണ്ഡ ജപമാല സമർപ്പണത്തോട് അനുബന്ധിച്ച് ബഥാനിയായിൽ എല്ലാ ദിവസവും കുമ്പസാരത്തിനും സ്പിരിചൽ ഷെയറിങ്ങിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ ആറിനും ഉച്ചയ്ക്ക് പന്ത്രണ്ടിനും വൈകിട്ട് ഏഴിനും ദിവ്യബലിയർപ്പണം നടക്കുന്നു. പന്ത്രണ്ട് മണിക്കുള്ള വി. കുർബാനയോടനുബന്ധിച്ച് വചനപ്രഘോഷണവും രോഗശാന്തി ശുശ്രൂഷയും നടത്തപ്പെടുന്നു. എല്ലാ ദിവസവും പകൽ മൂന്നിനും പുലർച്ചെ മൂന്നിനും കുരിശിന്റെ വഴിയും കരുണക്കൊന്തയുമുണ്ട്. എല്ലാ ദിവസവും ഉച്ചയ്ക്കും രാത്രിയും നേർച്ചഭക്ഷണം ബഥാനിയായിൽ വരുന്ന എല്ലാ വിശ്വാസികൾക്കും നൽകുന്നു. ഒക്ടോബർ 24-ാം തിയതിയാണ് ജപമാല സമർപ്പണം സമാപിക്കുന്നത്.

## ജീവിതവിശുദ്ധീകരണ ധ്യാനങ്ങൾ

ഓഗസ്റ്റ് 14 മുതൽ 17 വരെയും 28 മുതൽ 31 വരെയും തിയതികളിലായി ബഥാനിയായിൽ 2 ജീവിതവിശുദ്ധീകരണ ധ്യാനങ്ങൾ സംഘടിപ്പിച്ചു. അനേകം യുവജനങ്ങളും മുതിർന്നവരും ധ്യാനത്തിൽ പങ്കെടുക്കുകയും ആത്മീയ ഉണർവോടെ മടങ്ങുകയും ചെയ്തു.

## ആദ്യവെള്ളി കൺവെൻഷൻ

ആഗസ്റ്റ് മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച, അനേകം ആളുകൾ ശുശ്രൂഷയിൽ പങ്കെടുത്തു. രാവിലെ 9 മണിക്ക് ആരംഭിച്ച ആദ്യവെള്ളി ശുശ്രൂഷകളിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, ദിവ്യകാരുണ്യ പ്രദക്ഷിണം, വി. കുർബാന, വചന സന്ദേശം, വിശുദ്ധ കുമ്പസാരം, സ്പിരിചൽ ഷെയറിങ്ങ് തുടങ്ങിയവ ഒരുക്കിയിരുന്നു.

## ഏകദിന കൺവെൻഷൻ

ആഗസ്റ്റ് മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷനുകൾ സംഘടിപ്പിച്ചു. പങ്കെടുത്ത എല്ലാവർക്കും നവജീവൻ നൽകാൻ ബഥാനിയായിലെ ശുശ്രൂഷകൾക്ക് സാധിച്ചു. കുമ്പസാരിക്കാനുള്ള അവസരം അനേകം വിശ്വാസികൾ ഈ ദിവസങ്ങളിൽ പ്രയോജനപ്പെടുത്തി. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന വെള്ളിയാഴ്ച ശുശ്രൂഷയിൽ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ ആരാധന, വിടുതൽ ശുശൂഷ, സൗഖ്യ ശുശ്രൂഷ, കുമ്പസാരം, വി.കുർബാന, വചന സന്ദേശം, സ്പിരിചൽ ഷെയറിങ് തുടങ്ങിയവ ഉൾപ്പെടുത്തിയിരുന്നു.

## വി. കുർബാനയും കുമ്പസാരവും

അഖണ്ഡ ജപമാല ദിവസങ്ങളിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ ആറിനും ഉച്ചയ്ക്ക് പന്ത്രണ്ടിനും വൈകിട്ട് ഏഴിനും ദിവ്യബലിയർപ്പണം ക്രമീകരിച്ചിരിക്കുന്നു. കുമ്പസാരത്തിനുള്ള അവസരവും എല്ലാ ദിവസവും ഉണ്ട്.

## സ്പിരിചൽ ഷെയറിങ്ങും മധ്യസ്ഥ പ്രാർത്ഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥ പ്രാർഥനയും സ്പിരിചൽ ഷെയറിങ്ങിനുള്ള അവസരവും ഉണ്ടായിരുന്നു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്.

## ജാഗരണ പ്രാർത്ഥന

കോഴിക്കോട് സോൺ കരിസ്മാറ്റിക് മൂവ്മെന്റിന്റെ നേതൃത്വത്തിൽ

പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ ജാഗരണ പ്രാർഥന നടത്തപ്പെട്ടു. ജൂലൈ 31 തിങ്കളാഴ്ച വൈകുന്നേരം വി.കുർബാന യോടെ ആരംഭിച്ച് ഓഗസ്റ്റ് 1-ാം തിയതി ചൊവ്വാഴ്ച രാവിലെ വി.കുർ ബാനയോടെ പ്രാർഥന അവസാനിച്ചു. ജാഗരണ പ്രാർഥനക്ക് കരി സ്മാറ്റിക് മൂവ്മെന്റ് ഡയറക്ടർ ബഹു. ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി നേതൃത്വം നൽകി.

## യൂദിത്ത് ഫോറം

താമരശ്ശേരി രൂപതയിലെ യൂദിത്ത് ഫോറം ഡയറക്ടർ ജോസ് പെണ്ണാ പറമ്പിലച്ചന്റെ നേതൃത്വത്തിൽ അർപ്പിച്ച വി.കുർബാനയും ആയിരം മണി ജപമാലയും ഓഗസ്റ്റ് അഞ്ചാം തിയതി ബഥാനിയ ധ്യാനകേ ന്ദ്രത്തിൽ നടത്തപ്പെട്ടു. പ്രത്യേക നിയോഗങ്ങൾ പശ്ചിമേഷ്യയിലെ യുദ്ധം അവസാനിക്കുന്നതിനുവേണ്ടിയും കേരളം ലഹരി വിമുക്ത മാകുന്നതിനു വേണ്ടിയുമായിരുന്നു. വി.കുർബാനയ്ക്കും ജപമാലയ് ക്കും യൂദിത് ഫോറം ഡയറക്ടർ ബഹു. ഫാ. ജോസ് പെണ്ണാപറ മ്പിൽ നേതൃത്വം നൽകി. നൂറ്റിയമ്പതോളം അംഗങ്ങൾ പങ്കെടുത്തു.

## സെപ്റ്റംബർ മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 03 വ്യാഴം | - | അഖണ്ഡജപമാല സമർപ്പണം 50-ാം ദിവസം |
| 04 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 11 വെള്ളി | - | ഏകദിന കൺവെൻഷൻ.<br>ജീവിതവിശുദ്ധീകരണ ധ്യാനം (11 14) |
| 13 ഞായർ | - | അഖണ്ഡജപമാല സമർപ്പണം 60-ാം ദിവസം |
| 18 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 23 ബുധൻ | - | അഖണ്ഡജപമാല സമർപ്പണം 70-ാം ദിവസം |
| 25 വെള്ളി | - | ഏകദിന കൺവെൻഷൻ<br>ജീവിതവിശുദ്ധീകരണ ധ്യാനം (25 28) |

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# മദ്യ-ലഹരി വിമുക്ത സമിതി

## വ്യക്തിത്വ വികസന ക്ലബ്ബ് നേതൃസംഗമം

കെസിബിസി മദ്യ-ലഹരി വിരുദ്ധ സമിതി രൂപതാ കമ്മിറ്റിയുടെയും രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെയും സംയുക്താഭിമുഖ്യത്തിൽ സ്കൂളുകളിൽ പ്രവർത്തിക്കുന്ന വ്യക്തിത്വ വികസന ക്ലബ് ഡയറക്ടർമാരുടെയും സ്റ്റുഡന്റ് ഭാരവാഹികളുടെയും രൂപതാ തല ശില്പശാലയും നേതൃസംഗമവും ജൂലൈ 23 ന് താമരശ്ശേരി ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. രൂപതാധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ മച്ചുകുഴിയിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗീസ് പാലക്കാട്ട് മുഖ്യ പ്രഭാഷണം നടത്തി. ഓപ്പറേഷൻ തൂഫാൻ പദ്ധതിയോട് സഹകരിച്ചുകൊണ്ട് സ്കൂളുകളിൽ നടത്തിയ മത്സരങ്ങളിലെ വിജയികൾക്ക് അഭിവന്ദ്യപിതാവ് ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. രൂപതാ പ്രസിഡണ്ട് കുര്യൻ ചെമ്പനാനി, സെക്രട്ടറി ജോളി ഉണ്ണിയേപ്പിള്ളിൽ, റോയി മുരിക്കോലിൽ, വി.ജെ മത്തായി, സിസ്റ്റർ ഗീത സിഎംസി, കെ.സി. ടോമി തുടങ്ങിയവർ പ്രസംഗിച്ചു. ഫാ. ജോജി കപ്പൂച്ചിൻ, ബർണാഡ് ജോസ്, കെ സി ജോസഫ് എന്നിവർ സെമിനാറുകൾ നയിച്ചു.

## ഫാ. ചാണ്ടി കുരിശുംമൂട്ടിൽ അനുസ്മരണം

കെസിബിസി മദ്യ-ലഹരി വിരുദ്ധ സമിതി, രൂപതാ വ്യക്തിത്വവികസന ക്ലബ് ഇവയുടെ താമരശ്ശേരി രൂപതാ സ്ഥാപക ഡയറക്ടറും അനധികൃത ബാറുകൾ ഉൾപ്പെടെ നിരവധി സാമൂഹ്യ തിന്മകൾക്കെതിരെ കേരളത്തിൽ ഉടനീളം ഗാന്ധിയൻ സമരവേദികളിൽ നിറസാന്നിധ്യവുമായിരുന്ന ഫാ. ചാണ്ടി കുരിശുംമൂട്ടിലിന്റെ എട്ടാമത് ചരമവാർഷികവും അനുസ്മരണസമ്മേളനവും നടത്തി.

പുന്നക്കൽ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ദിവ്യബലിയ്ക്കും, അനുബന്ധ ശുശ്രൂഷകൾക്കും ശേഷം സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ മച്ചുകുഴിയിൽ ഉദ്ഘാടനം നടത്തുകയും ചെയ്തു. ഇടവക വികാരി ഫാ. മാത്യു പെരുവേലിൽ മുഖ്യ പ്രഭാഷണം നടത്തി. രൂപതാ പ്രസിഡന്റ് കുര്യൻ ചെമ്പനാനി, സെക്രട്ടറി ജോളി ഉണ്ണിയെപ്പിള്ളിൽ, വൈസ് പ്രസിഡന്റ്മാരായ പി.വി ജോൺ, അബ്രാഹം മണലോടി, ജോസ് കുരിശുംമൂട്ടിൽ, തോമസ് കുരിശുംമൂട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ.അഗസ്റ്റിൻ മച്ചുകുഴിയിൽ**
ഡയറക്ടർ, മദ്യ-ലഹരി വിരുദ്ധസമിതി

## ജീസസ് ഫ്രട്ടേണിറ്റി

സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് കോഴിക്കോട് ജില്ലാ ജയിലിൽ തിരുവമ്പാടി അൽഫോൻസാ കോളേജ് പ്രോഗ്രാം നടത്തി. മാനേജർ ഫാ. ആന്റണി കാരികുന്നേൽ, ദീപ ഡൊമിനിക് എന്നിവർ നേതൃത്വം നൽകി. കോഴിക്കോട് സബ് ജയിലിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ആഗസ്റ്റ് 18ന് വയനാട് യൂണിറ്റിന്റെ സമ്മേളനം നടത്തി. സോണൽ ഡയറക്ടർ ബഹു. സൈമൺ കിഴക്കേക്കുന്നേലച്ചൻ പുതുതായി ഉത്തരവാദിത്വം ഏറ്റെടുത്ത യൂണിറ്റ് ഡയറക്ടർ ബഹു. ജോസ് കപ്യരുമലയിൽ അച്ചനെ ഫ്രറ്റേണിറ്റി കുടുംബത്തിലേക്ക് ഹൃദ്യമായി സ്വാഗതം ചെയ്തു. വയനാട് യൂണിറ്റിന്റെ അംഗങ്ങളെല്ലാരും പങ്കെടുത്ത യോഗത്തിൽ തടവറ മദ്ധ്യസ്ഥനായ വി. കോൾബേയുടെ അനുസ്മരണവും നടത്തി.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

# ബൈബിൾ അപ്പസ്തോലേറ്റ്

## DAILY BREAD 2026

ഒരു വർഷം കൊണ്ട് വിശുദ്ധ ബൈബിൾ വായിച്ചു മനസ്സിലാക്കാൻ സഹായിക്കുന്ന ദൈവവചന വായനാപദ്ധതിയായ DAILY BREAD 2026 എന്ന പേരിൽ 2026 ജനുവരി 01 ന് ആരംഭിച്ച വാട്സ്ആപ്പ് കൂട്ടായ്മയിൽ നാളിതുവരെ 310 പേർ അംഗങ്ങളായിട്ടുണ്ട്. ഓരോ ദിവസവും വായിക്കേണ്ട വചനഭാഗങ്ങൾ കൃത്യമായി അംഗങ്ങളെ അറിയിക്കുകയും വാട്സ്ആപ്പ് സ്റ്റാറ്റസ് ഇടാൻ ഉതകുന്ന വിധത്തിലുള്ള ഒരു ദൈവവചന പോസ്റ്ററും പങ്കുവയ്ക്കുകയും ചെയ്യുന്നു. പഴയനിയമത്തിൽ നിന്നുള്ള വായനയാണ് നിലവിൽ നടക്കുന്നത്. ഏഴ് മാസങ്ങൾ പിന്നിടുമ്പോൾ ബൈബിളിലെ 29 പുസ്തകങ്ങളുടെ (ഏശയ്യാ വരെ) വായന പൂർത്തിയായി.

## ലോഗോസ് ക്വിസ്

ലോഗോസ് ക്വിസ് 2026 രജിസ്ട്രേഷൻ ആഗസ്റ്റ് 10 ന് അവസാനിച്ചു. താമരശ്ശേരി രൂപതയിൽ നിന്നും ഈ വർഷം ലോഗോസ് ക്വിസ് പരീക്ഷ എഴുതുന്നത് ആകെ 14,326 പേരാണ്.

താമരശ്ശേരി രൂപത ബൈബിൾ അപ്പസ്തോലേറ്റ് പ്രസിദ്ധീകരിച്ച ലോഗോസ് ക്വിസ് 2026 പഠനസഹായി താമരശ്ശേരി ബിഷപ്പ്സ് ഹൗസിൽ ലഭ്യമാണ്. 400 ചോദ്യങ്ങളും ഉത്തരങ്ങളും അടങ്ങുന്ന പുസ്തകത്തിന്റെ വില 40 രൂപയാണ്. ഈ പഠനസഹായി തപാൽ മുഖേനയും ലഭ്യമാണ്. ആവശ്യമായവർക്ക് ഈ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്: 8606062621

**ഫാ. അബ്രാഹം സ്രാമ്പിക്കൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

# കുടുംബകൂട്ടായ്മ

## 'വിശുദ്ധരുടെ പാതയിൽ' ഓൺലൈൻ ക്വിസ്

താമരശ്ശേരി രൂപത കുടുംബകൂട്ടായ്മ ജൂലൈ മാസത്തെ പ്രവർത്തനങ്ങളുടെ ഭാഗമായി വി. തോമാസ്ലീഹാ, കേരളസഭയിലെ വിശുദ്ധരായ വി. ചാവറ കുര്യാക്കോസ് ഏലിയാസ്, വി. അൽഫോൻസാമ്മ, വി.എവുപ്രാസ്യാമ്മ എന്നിവരുടെ ജീവിതവും സന്ദേശവും കൂടുതൽ ആഴത്തിൽ പഠിക്കുന്നതിനായി "വിശുദ്ധരുടെ പാതയിൽ" എന്ന പേരിൽ ഓൺലൈൻ ക്വിസ് മത്സരം ജൂലൈ 24 ന് നടത്തി. ക്വിസ് മത്സരത്തിൽ വിജയികളായവർ:

1. കിഷോർ, ശ്രെയസ്, കോട്ടക്കൽ
2. ത്രേസ്യാമ്മ സ്കറിയ വള്ളിയാംപൊയ്കയിൽ, തെയ്യപ്പാറ
3. എഞ്ചൽ സെബാസ്റ്റ്യൻ പുത്തൻപുരക്കൽ, വിലങ്ങാട്.

## പഠനവിഷയം

'വാർഷികകർമപദ്ധതി' Domus Dei പ്രകാരം ആഗസ്റ്റ് മാസത്തെ പഠനവിഷയമായ "സമുദായബോധം വളർത്താനുള്ള മാർഗങ്ങൾ" എന്നതിന്റെ പഠനകുറിപ്പ് തയ്യാറാക്കി കുടുംബകൂട്ടായ്മക്ക് വിതരണം ചെയ്തു. അതോടൊപ്പം പരി അമ്മയുടെ സ്വർഗാരോപണതിരുന്നാളിന് ഒരുക്കമായി പതിനഞ്ചു നോമ്പ് ആചരിക്കുവാനും സമർപ്പിതരെ സമർപ്പിച്ചു പ്രാർഥിക്കാനും കുടുംബങ്ങളിലും കൂട്ടായ്മയിലും വിശുദ്ധരെ പരിചയപ്പെടുത്തുവാനും കുടുംബകൂട്ടായ്മകൾക്ക് നിർദേശം നൽകി. സെപ്റ്റംബർ മാസത്തെ പഠനവിഷയം സമുദായ ചരിത്രത്തെക്കുറിച്ചു ഒരു ലഘുവിവരണമാണ്. എട്ടുനോമ്പ് ആചരണവും സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പരിചയപ്പെടലും പ്രവർത്തനത്തിൽ ഉൾപ്പെടുന്നു.

# മാതൃവേദി

### മേഖല സംഗമം

തിരുവമ്പാടി മേഖല മാതൃവേദി സംഗമം ആഗസ്റ്റ് 12 -ാം തീയതി കല്ലുരുട്ടി സെന്റ് തോമസ് പള്ളിയിൽ നടത്തി. മേഖല ഡയക്ടർ ഫാ. ജോസഫ് കിളിയംപറമ്പിൽ അധ്യക്ഷത വഹിച്ച ചടങ്ങ് രൂപത മാതൃവേദി ഡയറക്ടർ ഫാ. വർഗീസ് പനയ്ക്കൽ ഉദ്ഘാടനം ചെയ്തു. രൂപത ആനിമേറ്റർ സി. വിമല ജോസ് എസ്.എച്ച് രൂപത പ്രസിഡണ്ട് എൽസമ്മ ചേർത്തലക്കൽ എന്നിവരും മേഖലാ ഭാരവാഹികളും പങ്കെടുത്തു.

### ഗ്ലോബൽ മാതൃവേദി ആന്ത മൽസരം

ഗ്ലോബൽ മാതൃവേദി സംഘടിപ്പിച്ച ഓൺലൈൻ ആന്ത മൽസരത്തിൽ താമരശ്ശേരി രൂപതയിൽ നിന്ന് പാറോപ്പടി മേഖല, മരുതോങ്കര മേഖല, താമരശ്ശേരി മേഖല എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.

### വടംവലി മൽസരം

കുന്ദമംഗലം : ഓണാഘോഷങ്ങളുടെ ഭാഗമായി താമരശ്ശേരി രൂപത മാതൃവേദിയും കുടുംബകൂട്ടായ്മയും സയുക്തമായി കുന്ദമംഗലം സെന്റ് ജോസഫ് പള്ളിയിൽ വടംവലി മൽസരം സംഘടിപ്പിച്ചു. ആം റസ്സലിംങ് ദേശീയ ചാമ്പ്യൻ ശ്രീ. ഷാജി ജോൺ കൂമുള്ളി വടംവലി മൽസരം ഉദ്ഘാടനം ചെയ്തു. പുരുഷൻമാരുടെ വടം വലി മൽസരത്തിൽ ദേവഗിരി, വേനപ്പാറ, വെറ്റിലപ്പാറ, നൂറാംതോട് എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന്, നാല് സ്ഥാനങ്ങൾ കരസ്ഥമാക്കി. വനിതാ വിഭാഗത്തിൽ ഇരൂട്, കട്ടിപ്പാറ, വെറ്റിലപ്പാറ, പശുക്കടവ് എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന്, നാല് സ്ഥാനങ്ങൾ കരസ്ഥമാക്കി.

## അറിയിപ്പുകൾ

*മാതൃവേദി മേഖല സംഗമം:* സെപ്റ്റംബർ 4 മരുതോങ്കര, സെപ്റ്റംബർ 12 മലപ്പുറം, സെപ്റ്റംബർ 13 താമരശ്ശേരി, സെപ്റ്റംബർ 19 വിലങ്ങാട്, സെപ്റ്റംബർ 21 മരിയാപുരം, സെപ്റ്റംബർ 26 കരുവാരക്കുണ്ട്

*ഡയറക്ടർസ്-ആനിമേറ്റർസ് മീറ്റിംഗ്:* സെപ്റ്റംബർ 16, ബിഷപ്സ് ഹൗസ്

*വീത്തമിയ:* സെപ്റ്റംബർ 15, തിരുവമ്പാടി

**ഫാ. വർഗ്ഗീസ് പനയ്ക്കൽ**
ഡറക്ടർ, കുടുംബക്കൂട്ടായ്മ, മാതൃവേദി

# മരിയൻ പ്രോലൈഫ് മൂവ്മെന്റ്

## രൂപത എക്സിക്യൂട്ടീവ് യോഗം

30-07-2026 ന് താമരശ്ശേരി, മാർ മങ്കുഴികരി മെമ്മോറിയൽ ഹാളിൽ ബഹുമാനപ്പെട്ട ഡയറക്ടർ ജോസ് പെണ്ണാപ്പറമ്പിൽ അച്ചന്റെ അധ്യക്ഷതയിൽ രൂപത എക്സിക്യൂട്ടീവ് നടത്തപ്പെട്ടു. വിവിധ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി മൂന്നുപേർ വീതം അടങ്ങുന്ന വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.

## പുസ്തക പ്രകാശനം

'തുറക്കാത്ത കണ്ണുകൾക്കു വേണ്ടി ഒരു തുറന്ന പുസ്തകം' എന്ന ഗ്രന്ഥത്തിന്റെ അഞ്ചാം എഡിഷൻ പി.എം.ഒ.സി ഡയറക്ടർ ഫാ. റോയി തേക്കുംകാട്ടിൽ മിസ്റ്റർ സാന്റോ തൈക്കടശ്ശേരിക്ക് നൽകി പ്രകാശനം ചെയ്തു. മരിയൻ പ്രോ-ലൈഫ് രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപ്പറമ്പിൽ, ആനിമേറ്റർ സിസ്റ്റർ മെറിൻ ജോസ് എസ്.എച്ച് എന്നിവർ സന്നിഹിതരായിരുന്നു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോലൈഫ് മൂവ്മെന്റ്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## പാരമ്പര്യ പ്രൗഢിയോടെ അൽഫോൻസാമ്മയുടെ തിരുനാൾ

അൽഫോൻസാ വാരാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ച് കോളേജിൽ 'അച്ചായൻ അച്ചായത്തി' മത്സരവും ക്രൈസ്തവ പാരമ്പര്യ വിഭവങ്ങളുടെ ഫുഡ് ഫെസ്റ്റും സംഘടിപ്പിച്ചു. പാരമ്പര്യ വേഷവിധാനങ്ങളും നാടൻ രുചികളും കലാപ്രകടനങ്ങളും ആഘോഷത്തിന് മാറ്റുകൂട്ടി. ഫുഡ് ഫെസ്റ്റ് പൂർവവിദ്യാർഥിയും മാനുവൽ സൺസ് മലബാർ പാലസ്, കോഴിക്കോട് സീനിയർ കമ്മിസ് പാറ്റിസിയറുമായ സ്നേഹാ സുനിൽ ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനം കോളേജ് മുൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ ഉദ്ഘാടനം ചെയ്തു. അൽഫോൻസാ ക്വിസ്, അൽഫോൻസാ സൂക്തം, അൽഫോൻസാ ഗീതം, അൽഫോൻസാ പ്രസംഗം തുടങ്ങിയ മത്സരങ്ങളും സംഘടിപ്പിച്ചു.

## വിവിധ പ്രവർത്തനങ്ങൾ

*'സിനിമ കൊട്ടക' ഫിലിം ഫെസ്റ്റ്:* ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റിന്റെ നേതൃത്വത്തിൽ അധ്യാപകർക്കും വിദ്യാർഥികൾക്കുമായി മൂന്ന് ദിവസത്തെ ഫിലിം ഫെസ്റ്റ് 'സിനിമ കൊട്ടക' സംഘടിപ്പിച്ചു.

*The Founder Framework സെമിനാർ:* ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റിന്റെ നേതൃത്വത്തിൽ 'The Founder Framework' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. കോളേജ് മുൻ വിദ്യാർഥി അതുൽ ജോസഫ് സെമിനാർ നയിച്ചു.

*ഫോട്ടോഗ്രാഫി വർക്ക്ഷോപ്പ്:* ജേർണലിസം ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഫോട്ടോഗ്രാഫി വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. വിദ്യാർഥികൾക്ക് ഫോട്ടോഗ്രാഫിയുടെ വിവിധ മേഖലകളിൽ പ്രായോഗിക പരിശീലനം നൽകി. ദേശീയ ലൈബ്രറി പ്രവർത്തനങ്ങളുടെ ഭാഗമായി കോളേജ് ലൈബ്രേറിയനെ ആദരിച്ചു.

*Modern Trends and Challenges in Psychology സെമിനാർ:* ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്കോളജിയുടെ നേതൃത്വത്തിൽ 'Modern Trends and Challenges in Psychology' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. മനഃശാസ്ത്ര മേഖലയിലെ സമകാലിക പ്രവണതകളും വെല്ലുവിളികളും ചർച്ച ചെയ്തു.

*COM FIESTA കൊമേഴ്സ് ഡേ:* കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് അസോസിയേഷൻ ഉദ്ഘാടനവും കൊമേഴ്സ് ഡേ ആഘോഷവും സംയുക്തമായി 'COM FIESTA' എന്ന പേരിൽ സംഘടിപ്പിച്ചു. ഫോഗി മൗണ്ടെൻ ഡയറക്ടർ തങ്കച്ചൻ മാതാളിക്കുന്നേൽ പരിപാടി ഉദ്ഘാടനം ചെയ്തു.

*Taste of Entrepreneurs സെമിനാർ:* ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ 'Taste of Entrepreneurs' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. അപ്പായി ഗ്രൂപ്പ് ഓഫ് കമ്പനീസ് മാനേജിംഗ് ഡയറക്ടർ സിജോ ജോർജ് സെമിനാർ നയിച്ചു.

### കോഴിക്കോട് ജില്ലാ ജയിൽ സന്ദർശനം

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ജയിൽ ക്ഷേമ വകുപ്പുമായി സഹകരിച്ച് അൽഫോൻസാ കോളേജ് വിദ്യാർഥികൾ കോഴിക്കോട് ജില്ലാ ജയിൽ സന്ദർശിച്ചു. ജയിൽ സൂപ്രണ്ട് അഖിൽരാജ് ടി. ഉദ്ഘാടനം ചെയ്ത പരിപാടിയിൽ വിദ്യാർഥികൾ തടവുകാർക്കായി വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. സാമൂഹികബോധവും സഹാനുഭൂതിയും മാനവികതയും വളർത്തുന്ന അനുഭവമായി സന്ദർശനം മാറി. ജയിൽ സന്ദർശനത്തോടനുബന്ധിച്ച് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ഷൈജു നീലകണ്ഠൻ രചിച്ച 'ആയങ്കരിയിലെ ചാത്തന്മാർ', 'ബെന്നി ലോയ്ഡ്' എന്നീ പുസ്തകങ്ങളുടെ പ്രകാശനം നടന്നു. കോളേജ് മാനേജർ ഫാ. ആന്റണി കാരിക്കുന്നേൽ പ്രകാശനം നിർവഹിച്ചു. പുസ്തകങ്ങൾ കോളേജ് ലൈബ്രറിയിലേക്ക് സമ്മാനിച്ചു.

**ഫാ. ആന്റണി കാരികുന്നേൽ**
അൽഫോൻസ കോളേജ്

# വിദ്യാഭ്യാസ രംഗം

## അൽഫോൻസ ദിനാചരണം

രൂപതാ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുന്നാൾ വിവിധ പരിപാടികളോടെ കോർപ്പറേറ്റു സ്കൂളുകളിൽ ആഘോഷിച്ചു. പഠിതാക്കൾക്കായി വിവിധ മത്സരങ്ങൾ, ദൃശ്യാവിഷ്ക്കാരം, നേർച്ച വിതരണം, ജീവചരിത്ര പ്രദർശനം എന്നിവ സംഘടിപ്പിക്കുകയുണ്ടായി. തിരുന്നാളിനോടനുബന്ധിച്ച് നിർദ്ധന വിദ്യാർത്ഥികൾക്ക് ചികിത്സാസഹായം നൽകുന്നതിനുള്ള സ്നേഹനിധി സമാഹരണവും നടന്നു.

## തൂഫാൻ 2026

ലഹരി മരുന്ന് വിപത്തിനെതിരെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഓപ്പറേഷൻ തൂഫാൻ പദ്ധതി, അന്തരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം എന്നിവയോടനുബന്ധിച്ച് കോർപ്പറേറ്റ് സ്കൂളുകളിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയുണ്ടായി. പ്രധാനധ്യാപകർ, അധ്യാപകർ, വ്യക്തിത്വവികസന ക്ലബ് ഭാരവാഹികൾ, വിദ്യാർത്ഥികൾ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു. സ്കൂൾതലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിദഗ്ധ സമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സമ്മാനാർഹമായ സ്കൂളുകളുടെ പട്ടിക താഴെക്കൊടുക്കുന്നു:

### എൽ.പി. വിഭാഗം

| | | |
|---|---|---|
| I. | സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.എസ്., കൂടരഞ്ഞി | - Rs.5000/- |
| II. | എം.എ.എം. എൽ.പി.എസ്. വിളക്കാംതോട് | - Rs.3000/- |
| III. | നസ്രത്ത് എൽ.പി.എസ്. മുത്തോറ്റിക്കൽ | - Rs.2000/- |

### യു.പി. വിഭാഗം

| | | |
|---|---|---|
| I. | വിമല യൂ.പി.എസ്. മഞ്ഞുവയൽ | - Rs.5000/- |

II. സെന്റ് തോമസ് യു.പി.എസ്, കൂരാച്ചുണ്ട് - Rs.3000/-
III. സെന്റ് ജോസഫ്സ് യു.പി.എസ്, ചെമ്പനോട - Rs.2000/-

### ഹൈസ്കൂൾ വിഭാഗം

I. സെന്റ് ജോൺസ് എച്ച്.എസ്, നെല്ലിപ്പൊയിൽ - Rs.5000/-
II. സെന്റ് മേരീസ് എച്ച്.എസ്, കല്ലാനോട് - Rs.3000/-
III. സെന്റ് തോമസ് എച്ച്.എസ്, തോട്ടുമുക്കം - Rs.2000/-

### ഹയർ സെക്കണ്ടറി വിഭാഗം

I. സെന്റ് ജോർജസ് എച്ച്.എസ്.എസ്, കുളത്തുവയൽ- Rs.5000/-
II. സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്, കോടഞ്ചേരി- Rs.3000/-
III. ഹോളി ഫാമിലി എച്ച്.എസ്.എസ്, വേനപ്പാറ - Rs.2000/-

## Talentia 3.0

### ഗ്രാന്റ് ഫിനാലേ റൗണ്ടിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ

പഠിതാക്കളിൽ പൊതുവിജ്ഞാന താല്പര്യം വളർത്തുന്നതിനായി കഴിഞ്ഞ രണ്ട് വർഷമായി മികവാർന്ന രീതിയിൽ നടത്തിവരുന്ന കോർപ്പറേറ്റുതല ഇന്റർ സ്കൂൾ മെഗാക്വിസ് മത്സരം (Talentia 3.0) ഈ വർഷവും പൂർവ്വാധികം ഭംഗിയായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. "അറിവാണ് ലഹരി" എന്ന സന്ദേശം ഉയർത്തിക്കാട്ടിയാണ് ഈ വർഷത്തെ മത്സരങ്ങൾ നടത്തുന്നത്. വിവിധ മേഖലാകേന്ദ്രങ്ങളിൽ വെച്ചുനടന്ന വാശിയേറിയ മത്സരത്തിൽനിന്നും താഴെപ്പറയുന്ന സ്കൂളുകൾ ഗ്രാന്റ് ഫിനാലേ റൗണ്ടിൽ മത്സരിക്കാൻ യോഗ്യത നേടിയിട്ടുണ്ട്. ഫൈനൽ റൗണ്ട് മത്സരങ്ങൾ 2026 സെപ്റ്റംബർ 16,17 തീയതികളിൽ കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ നടത്തപ്പെടുന്നതാണ്.

### എൽ.പി. വിഭാഗം

I നസ്രത്ത് എൽ.പി. എസ്, മുത്തോറ്റിക്കൽ
II സെന്റ്സെബാസ്റ്റ്യൻസ് എൽ.പി.എസ്, കൂടരഞ്ഞി
III സെന്റ് ആന്റണീസ് യു.പി.എസ്, കണ്ണോത്ത്
IV സെന്റ് ആന്റണീസ് എൽ.പി.എസ്, ചക്കിട്ടപ്പാറ

### യു.പി. വിഭാഗം

I സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്, കൂടരഞ്ഞി
II ഫാത്തിമ യു.പി. എസ്, പരിയാപുരം
III സേക്രഡ് ഹാർട്ട് യൂ.പി.എസ്, തിരുവമ്പാടി
IV സെന്റ് മേരീസ് എച്ച്.എസ്, കല്ലാനോട്

### ഹൈസ്കൂൾ വിഭാഗം

I സെന്റ് ജോസഫ്സ് എച്ച്.എസ്, കോടഞ്ചേരി
II സെന്റ് ജോസഫ്സ് എച്ച്.എസ്, പുല്ലൂരാംപാറ
III സെന്റ് ജോൺസ് എച്ച്.എസ്, നെല്ലിപ്പൊയിൽ
IV സെന്റ് മേരീസ് എച്ച്.എസ്, മരുതോങ്കര

### ഹയർ സെക്കണ്ടറി വിഭാഗം

I സേക്രഡ് ഹാർട്ട് എച്ച്.എസ്.എസ്, തിരുവമ്പാടി
II സെന്റ് മേരീസ് എച്ച്.എസ്.എസ്, കല്ലാനോട്
III സെന്റ് ജോർജ്ജസ് എച്ച്.എസ്.എസ്, കുളത്തുവയൽ
IV സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്, കൂടരഞ്ഞി

### ആദരാഞ്ജലികൾ

നമ്മുടെ കോർപ്പറേറ്റിനു കീഴിലുള്ള വിവിധ സ്കൂളുകളിൽ ദീർഘ കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചശേഷം വിശ്രമ ജീവിതത്തിലായിരുന്ന സി. മേരി സി.റ്റി (സി. ലൂയിസ് ലാറ്റോ എഫ്.സി. സി, റിട്ട. ടീച്ചർ, കോടഞ്ചേരി സെന്റ് ജോസഫ്സ് ഹൈസ്കൂൾ), ശ്രീമതി പി.വി. മറിയാമ്മ (റിട്ട. ഓഫീസ് അറ്റൻഡന്റ്, സെന്റ് ജോസഫ്സ് ഹൈസ്കൂൾ, പുല്ലൂരാംപാറ), ശ്രീ. എം.എ. ബേബി (റിട്ട. ക്ലർക്ക്, സെന്റ് തോമസ് എച്ച്.എസ്, തോട്ടുമുക്കം)എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഈ പ്രിയപ്പെട്ടവരെ പ്രാർഥനാപൂർവം സ്മരിക്കുകയും അവരുടെ ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗ്ഗീസ്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

## മാർ പോൾ ആലപ്പാട്ട് സ്റ്റാർട്ട് സന്ദർശിച്ചു

രാമനാഥപുരം രൂപതാധ്യക്ഷൻ മാർ പോൾ ആലപ്പാട്ട് ആഗസ്റ്റ് 12-ന് സ്റ്റാർട്ട് സന്ദർശിച്ചു. സ്ഥാപനത്തിന്റെ വിവിധ വിദ്യാഭ്യാസ-പരിശീലന പ്രവർത്തനങ്ങൾ പരിചയപ്പെട്ട അദ്ദേഹം വിദ്യാർത്ഥികളുമായും അധ്യാപകരുമായും സംവദിച്ചു.

## സ്വാതന്ത്ര്യദിനാഘോഷം

സ്റ്റാർട്ടിൽ ആഗസ്റ്റ് 15-ന് 80-ാമത് സ്വാതന്ത്ര്യദിനം ആചരിച്ചു. ദേശീയപതാക ഉയർത്തലും സ്വാതന്ത്ര്യദിന സന്ദേശവും നടന്നു. വിദ്യാർത്ഥികൾക്കായി Independence Day Mega Quiz സംഘടിപ്പിച്ചു.

## AI Lecture Series

സ്റ്റാർട്ടിന്റെ AI Lecture Seriesന്റെ ഭാഗമായി ആഗസ്റ്റ് 17-ന് 'Modern Software Engineering: From Building AI to Landing Your First Tech Job' എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. നെതർലൻഡ്സിലെ Vrije Universiteit Amsterdamൽ Artificial Intelligence ബിരുദപഠനം പൂർത്തിയാക്കിയ Jacquiline Rose Roney വർക്ക്ഷോപ്പിന് നേതൃത്വം നൽകി. AI, Machine Learning, Software Engineering, ടെക് മേഖലയിലെ കരിയർ സാധ്യതകൾ തുടങ്ങിയ വിഷയങ്ങൾ പരിചയപ്പെടുത്തി.

## സ്റ്റാർട്ട് ഓണാഘോഷം 2026

സ്റ്റാർട്ടിന്റെ ഓണാഘോഷം 2026 ഓഗസ്റ്റ് 21-ന് വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. ഓണപ്പാട്ട്, ഓണക്കളികൾ, വടംവലി, മാവേലി വരവ്, ഓണസദ്യ തുടങ്ങിയവ ആഘോഷത്തിന്റെ ഭാഗമായി നടന്നു. വിദ്യാർത്ഥികളും അധ്യാപകരും ജീവനക്കാരും ആഘോഷത്തിൽ പങ്കുചേർന്നു.

## 'യുറേക്ക മൊമെന്റ്' മിനി മാസ്റ്റർ ക്യാമ്പ് 2026

5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 'യുറേക്ക മൊമെന്റ്' മിനി മാസ്റ്റർ ക്യാമ്പ് 2026 ആഗസ്റ്റ് 27, 28, 29 തീയതികളിൽ സ്റ്റാർട്ട് ക്യാമ്പസിൽ നടക്കും. ജൂനിയർ വിഭാഗത്തിൽ 5 മുതൽ 7 വരെയും സീനിയർ വിഭാഗത്തിൽ 8 മുതൽ 12 വരെയും ക്ലാസുകളിലെ വിദ്യാർഥികൾക്ക് പങ്കെടുക്കാം. പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിനൊപ്പം സർഗാത്മകത, ടീംവർക്ക്, പ്രശ്നപരിഹാരം, നേതൃത്വശേഷി തുടങ്ങിയ കഴിവുകൾ വളർത്തുന്നതിനുതകുന്ന വിവിധ പ്രവർത്തനങ്ങൾ ക്യാമ്പിന്റെ ഭാഗമായി ക്രമീകരിക്കും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും: 9037107843.

## START TeenConnect

ഇടവകകൾ, സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച് കുട്ടികൾ, യുവജനങ്ങൾ, മാതാപിതാക്കൾ എന്നിവർക്കായി വിവിധ ബോധവൽക്കരണ-പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 'START TeenConnect' പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ട്. വിവിധ പ്രായവിഭാഗങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് അനുയോജ്യമായ വിഷയങ്ങളിൽ പരിശീലനങ്ങൾ ക്രമീകരിക്കും. പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ താല്പര്യമുള്ള ഇടവകകൾക്കും സ്കൂളുകൾക്കും സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടാം.

## മൾട്ടിപ്പിൾ ഇന്റലിജൻസ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്

6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളുടെ വ്യത്യസ്ത ബുദ്ധിശക്തികളും അഭിരുചികളും ശാസ്ത്രീയമായി കണ്ടെത്തി അനുയോജ്യമായ പഠന-കരിയർ മേഖലകൾ തിരഞ്ഞെടുക്കാൻ സഹായിക്കുന്ന മൾട്ടിപ്പിൾ ഇന്റലിജൻസ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് സ്റ്റാർട്ടിൽ ലഭ്യമാണ്. ടെസ്റ്റ് ആവശ്യമുള്ളവർ സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 9037107843.

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്നിലുള്ള പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഇപ്പോൾ നടക്കുന്ന കോഴ്സുകൾ

1 എംഎസ്സി ഇൻ കൗണ്സിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)

2 എം എസ് സി ഇൻ ഗൈഡൻസ് ആൻഡ് കൗണ്സിലിംഗ് (ഓൺ ലൈൻ)

## അറിയിപ്പ്

1. ആത്മഹത്യയും ഡിപ്രെഷനും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രവർത്തന സജ്ജമായ ഹോപ്പ് ലൈൻ എന്ന എമർജൻസി ഹെൽപ് ലൈൻ പ്രവർത്തിച്ചുവരുന്നു. രാവിലെ 8 മുതൽ രാത്രി 8 വരെയുള്ള സമയങ്ങളിൽ 04953523636 നമ്പറിൽ ബന്ധപ്പെടുക.

## ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളും സംരംഭങ്ങളും

1. മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ 2026 -2028 ബാച്ച് (ഓൺലൈൻ) ക്ലാസിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്കായി ജൂൺ 20 മുതൽ ക്ലാസുകൾ ആരംഭിച്ചു.

2. ആഗസ്റ്റ് 22 ന് മെന്റൽ ഹെൽത്തിന്റെ സെമിനാർ പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിക്കുകയും തുടർന്ന് ഓണാഘോഷ പരിപാടികൾ നടത്തുകയും ചെയ്തു.

3. ആഗസ്റ്റ് 23 നു ഒന്നാം വർഷ കൗൺസിലിംഗ് & സൈക്കോളജി വിദ്യാർഥികൾക്കായി ഓഫ്ലൈൻ ക്ലാസ് നടത്തുകയും ഓണാഘോഷ പരിപാടിയോടനുബന്ധിച്ചു പൂക്കളം ഒരുക്കുകയും വിവിധ കലാപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# വികസന വേദി

## നബാർഡ്-എൽഇഡിപി തയ്യൽ പരിശീലനം

നബാർഡിന്റെ പിന്തുണയോടെ നടപ്പാക്കുന്ന എൽഇഡിപി തയ്യൽ പരിശീലനത്തിന് തുടക്കമായി. താമരശ്ശേരി സേഫ് ടൈലറിങ് യൂണിറ്റിൽ നടന്ന ചടങ്ങിൽ നബാർഡ് കോഴിക്കോട് ജില്ലാ ഡെവലപ്മെന്റ് മാനേജർ രാകേഷ് വി ഉദ്ഘാടനം ചെയ്തു. പദ്ധതിയുടെ ഭാഗമായി 60 സ്വയം സഹായ സംഘം അംഗങ്ങൾക്ക് തയ്യൽ നൈപുണ്യവും സംരംഭകത്വ പരിശീലനവും നൽകും. ഫാ. ബെന്നി മുണ്ടനാട്ട്, ഫാ. സായി പാറൻകുളങ്ങര എന്നിവർ പങ്കെടുത്തു. പരിശീലകരായ തോമസ് ആന്റണി, മിനി എന്നിവരുടെ നേതൃത്വത്തിൽ പരിശീലനം ആരംഭിച്ചു.

## കെസിബിസി വിലങ്ങാട് പുനരധിവാസം

2024 ജൂലൈ 30-ലെ ഉരുൾപൊട്ടലിന്റെ രണ്ടാം വാർഷികത്തിൽ, കെസിബിസി പുനരധിവാസ പദ്ധതിയുടെ ഭാഗമായി സിഒഡിയുടെ നേതൃത്വത്തിൽ നിർമ്മിച്ച 75-ാമത് വീട് കുടുംബത്തിന് കൈമാറി. കോഴിക്കോട് അതിരൂപതയുടെ സഹായത്തോടെ നിർമ്മിച്ച വീടിന്റെ വെഞ്ചരിപ്പും താക്കോൽദാനവും മോൺ. ജെൻസൺ പുത്തൻവീട്ടിലും ഫാ. തോമസ് പാറൻകുളങ്ങരയും ചേർന്ന് നിർവഹിച്ചു.

## ജെ.എൽ.ജി ക്യാമ്പ്

കാനറ ബാങ്കിന്റെ അടിവാരം, പൂനൂർ, താമരശ്ശേരി, തിരുവമ്പാടി, കൂരാച്ചുണ്ട് തുടങ്ങിയ ശാഖകളുടെ സഹകരണത്തോടെ പുതുപ്പാടി, മരുതോങ്കര, കൂടരഞ്ഞി, വെറ്റിലപ്പാറ, പുല്ലൂരാംപാറ, കൂരാച്ചുണ്ട് മേഖലകളിൽ പുതിയ ജെ.എൽ.ജി (Joint Liability Group) വായ്പാ വിതരണവും വായ്പാ പുതുക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു. സിഒഡി പ്രോഗ്രാം കോർഡിനേറ്റർ കെ.സി. ജോയിയും

വിവിധ ഏരിയ കോർഡിനേറ്റർമാരും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## ഓണം ആഘോഷം

സിഒഡി ഓണാഘോഷ പരിപാടി സംഘടിപ്പിച്ചു. വിവിധ കലാപരിപാടികളും ഓണസദ്യയും ഉൾപ്പെടുത്തി സൗഹൃദവും കൂട്ടായ്മയും നിറഞ്ഞ രീതിയിൽ ആഘോഷം സംഘടിപ്പിച്ചു. വിവിധ ജിവിഎസ് തലങ്ങളിൽ ഓണം ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു.

## കമ്മ്യൂണിറ്റി ഹെൽത്ത് പ്രോഗ്രാം

മഴക്കാല രോഗങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനായി നെല്ലിപ്പൊയിൽ എംസിസിയിൽ "മഴയെ ആസ്വദിക്കാം, രോഗങ്ങളെ അകറ്റാം" എന്ന പേരിൽ കമ്മ്യൂണിറ്റി ഹെൽത്ത് പ്രോഗ്രാം സംഘടിപ്പിച്ചു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീകല സി. എസ്, അനീറ്റ മാത്യു എന്നിവർ ക്ലാസുകൾ നയിച്ചു. പരിപാടിയുടെ ഭാഗമായി ആരോഗ്യ പരിശോധനയും നടത്തി. ഏരിയ കോർഡിനേറ്റർ ഷീജ ടോബി, സോഷ്യൽ വർക്ക് ട്രെയിനി എന്നിവർ ചേർന്ന് പരിപാടി ഏകോപിപ്പിച്ചു.

## കെഎസ്എസ്എഫ് ഡയറക്ടർ സന്ദർശനം

കേരള സോഷ്യൽ സർവീസ് ഫോറം (KSSF) പുതിയ ഡയറക്ടർ ഫാ. ഡോ. സബ്വാസ് ഇഗ്നേഷ്യസ് കെഎസ്എസ്എഫ് ടീമിനൊപ്പം സിഒഡി ഓഫീസ് സന്ദർശിച്ചു. സന്ദർശനത്തിന്റെ ഭാഗമായി സിഒഡിയുടെ പ്രവർത്തനങ്ങളും പദ്ധതികളും പരിചയപ്പെടുകയും ടീം അംഗങ്ങളുമായി സംവദിക്കുകയും ചെയ്തു.

## സേഫ് വിത്തിൻ: റീകണക്ട് വയനാട് & വിലങ്ങാട്

സേഫ് വിത്തിൻ പദ്ധതിയുടെ സൈക്കോസോഷ്യൽ ഘടകത്തിന്റെ എൻഡ്‌ലൈൻ ഡോക്യുമെന്റേഷൻ വിലങ്ങാട്ട് നടത്തി. കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് കോർഡിനേറ്റർ അബീഷ് ആന്റണി സന്ദർശനത്തിൽ പങ്കെടുത്തു. പദ്ധതിയുടെ ഭാഗമായി സേവനം ലഭിച്ച ഗുണഭോക്താക്കളെയും ബെഫ്രണ്ടിങ് കോർഡിനേറ്റർസ്നെയും നേരിൽ കണ്ട് പദ്ധതിയുടെ ഇടപെടലുകളുടെ സ്വാധീനവും മാറ്റങ്ങളും വിലയിരുത്തി.

പദ്ധതിയുടെ ഭാഗമായി വിലങ്ങാട്-മഞ്ഞക്കുന്ന് ഡിസാസ്റ്റർ ക്ലിനിക്ക് സജ്ജമാക്കി. അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗിക്കാനായി വിവിധ രക്ഷാപ്രവർത്തന ഉപകരണങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. പ്രാദേശിക സന്നദ്ധപ്രവർത്തകരെ ഉൾപ്പെടുത്തി രൂപീകരിച്ച ടാസ്ക് ഫോഴ്സിന് 21 ഇനം ദുരന്തപ്രതികരണ ഉപകരണങ്ങൾ സിഒഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര മഞ്ഞക്കുന്ന് ഇടവക വികാരി ഫാ. ബോബി പൂവത്തിങ്കൽ എന്നിവർ ചേർന്ന് കൈമാറി.

## ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

### വിവിധ സേനാവിഭാഗത്തിൽ ജോലി നേടാൻ പ്രത്യേക പരിശീലനം

എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന സായുധ സേനാ വിഭാഗങ്ങളായ ARMY, NAVY, AIRFORCE, NDA, AFCAT, CDS, PARAMILITARY, BSF, CRPF, CISF, ASSAM RIFLES, SSB, ITBP, DELHI POLICE, EXCISE, BEAT FOREST, FIRE FORCE തുടങ്ങിയ യൂണിഫോം വിഭാഗങ്ങളിൽ വേഗത്തിൽ ജോലി നേടാൻ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ സെലക്ഷൻ ക്യാമ്പ് നടത്തിവരുന്നു.

### അറിയിപ്പ്

2026 – 27 അധ്യയന വർഷത്തേക്കുള്ള നഴ്സിംഗ് (BSc, General, Post BSc.), പാരാമെഡിക്കൽ, ഡിഗ്രി കോഴ്സുകൾ എന്നിവയിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. നഴ്സിംഗ് പഠനത്തിന് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് സ്കോളർഷിപ്പോടുകൂടിയ പഠനം കർണാടക കോളേജുകളിൽ ലഭ്യമാക്കുന്നു. വിവിധ കോഴ്സുകളിലേക്ക് അഡ്മിഷനുവേണ്ടി സീറ്റുകൾ ബുക്ക് ചെയ്യാൻ 9447929223 എന്ന നമ്പറിൽ വിളിക്കുക.

## താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്‌സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

താമരശ്ശേരി രൂപതയുടെ അഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ സഹകരണ മേഖലയിലെ മുൻനിര സ്ഥാപനമായി പ്രവർത്തിച്ചു വരുന്ന TAFCOS സഹകരണ സംഘം 2026 മെയ് മാസത്തിൽ പൊതുജനങ്ങൾക്കും അംഗങ്ങൾക്കും മികച്ചതും വിശ്വസനീയവുമായ ബാങ്കിംഗ് സേവനങ്ങൾ കാര്യക്ഷമമായി നൽകി.

മൊബൈൽ ബാങ്കിംഗ് സേവനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി TAFCOS മൊബൈൽ അപ്ലിക്കേഷൻ ഇപ്പോൾ Android ഫോണുകൾക്ക് പുറമെ iPhone (iOS) ഉപയോക്താക്കൾക്കും ലഭ്യമായി. ഈ മൊബൈൽ അപ്ലിക്കേഷൻ വഴി പണം നിക്ഷേപിക്കാനും പിൻവലിക്കാനും, അക്കൗണ്ട് വിവരങ്ങൾ പരിശോധിക്കാനും കൂടുതൽ സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ RTGS, NEFT, IMPS സേവനങ്ങൾ മുഖേന വേഗതയേറിയതും സുരക്ഷിതവുമായ പണമിടപാടുകൾ സാധ്യമാകുന്നു.

വിവിധ സലകളുടെ ചിട്ടി പദ്ധതികൾ (പ്രതിമാസ സമ്പാദ്യ പദ്ധതി) അംഗങ്ങൾക്കിടയിൽ മികച്ച സ്വീകരണം നേടി. COD യുമായി ചേർന്ന് നടപ്പിലാക്കുന്ന ഭാഗ്യവർഷ പദ്ധതികളും, വിവിധ ഇൻഷ്വറൻസ് പദ്ധതികളും, സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യവും ഏപ്രിൽ മാസത്തിൽ സജീവമായി തുടർന്നു.

TAFCOS ന്റെ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടരഞ്ഞി, പാറോപ്പടി, വെറ്റിലപ്പാറ ഇടവകകളിൽ അംഗത്വ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും, പുതിയ അംഗങ്ങളെ സൊസൈറ്റിയിലേക്ക് ചേർക്കുകയും ചെയ്തു.

ബാങ്കിംഗ് സേവനങ്ങൾ അംഗങ്ങൾക്ക് കൂടുതൽ സുഗമമായി ലഭ്യമാക്കുന്നതിനായി സൊസൈറ്റി തിങ്കൾ മുതൽ ശനിയാഴ്ച വരെ രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 വരെ പ്രവർത്തിക്കുന്നു.

## Institute of Food and Agricultural Ethics (IFAE)

### ബയോഡൈവേഴ്സിറ്റി അഗ്രികൾച്ചറൽ നഴ്സറി

ഉയർന്ന ഗുണനിലവാരമുള്ളതും വിശ്വാസ്യതയുള്ളതുമായ ഫലവൃക്ഷ തൈകൾ, നാണ്യവിളകൾ, അലങ്കാര ചെടികൾ, വിത്തുകൾ, ചെടിച്ചട്ടികൾ, ജൈവവളങ്ങൾ, ജൈവ കീടനിയന്ത്രണ ഉൽപ്പന്നങ്ങൾ എന്നിവ ബിഷപ്പ് ഹൗസിന് സമീപം പ്രവർത്തിക്കുന്ന നഴ്സറിയിൽ ലഭ്യമാണ്. മഴക്കാലത്ത് നട്ടുവളർത്താൻ അനുയോജ്യമായ തെങ്ങിൻ തൈകൾ, ഫലവൃക്ഷ തൈകൾ, മാവിൻ തൈകൾ, പ്ലാവിൻ തൈകൾ തുടങ്ങിയ വിവിധ തൈകൾ ലഭ്യമാണ്.

### കിസാൻഭാരത് ഡിജിറ്റൽ കാർഷിക മാർക്കറ്റ്

കർഷകനും ഉപഭോക്താവും നേരിട്ട് ബന്ധപ്പെടുന്ന ഇടനിലക്കാരില്ലാത്ത സൗജന്യ ഓൺലൈൻ കാർഷിക പ്ലാറ്റ്ഫോമായ കിസാൻഭാരത് ജൂൺ മാസത്തിലും കൂടുതൽ കർഷകരെയും ഉപഭോക്താക്കളെയും ഉൾപ്പെടുത്തി പ്രവർത്തനം വിപുലീകരിച്ചു.
www.kisanbharath.com

### കിസാൻ ലൈൻ കർഷകർക്കായി സൗജന്യ സഹായ സേവനം

കാർഷിക സംശയങ്ങൾക്കും മാർഗനിർദേശങ്ങൾക്കും സൗജന്യ ഹെൽപ്പ് ലൈൻ സേവനം ജൂൺ മാസത്തിലും സജീവമായി തുടരുകയും നിരവധി കർഷകർക്ക് പ്രയോജനകരമാവുകയും ചെയ്തു.

ടോൾഫ്രീ: 1800 425 3777, www.kisanline.com

IFAEയുടെ കാർഷികവും ഗവേഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജൂൺ മാസത്തിൽ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ട്കൊണ്ടുപോകുന്നു.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

# സെന്റ് അൽഫോൻസ ടൂർസ്-പിൽഗ്രിമേജ്സ്

**ബുക്കിംഗ് ആരംഭിച്ച തീർഥാടന യാത്രകൾ**

*(A) യൂറോപ്പ് തീർത്ഥാടനം 2026 ഒക്ടോബർ 5:* മാർപാപ്പയെ നേരിൽ കാണാനുള്ള സുവർണാവസരം ഒരുക്കുന്ന യൂറോപ്പ് തീർത്ഥാടനം 2026 ഒക്ടോബർ 5 ന് പുറപ്പെടുന്നു. വത്തിക്കാൻ ഉൾപ്പെടെ പ്രധാന തീർത്ഥാടനകേന്ദ്രങ്ങൾ ഈ യാത്രയിൽ സന്ദർശിക്കുന്നുണ്ട്.

*(B) വിശുദ്ധനാട് തീർത്ഥാടനം 2026 നവംബർ 4:* യേശുക്രിസ്തു ജനിച്ചു ജീവിച്ച വിശുദ്ധ നാടുകളിലൂടെ നടത്തുന്ന ആത്മീയ തീർത്ഥാടനം 2026 നവംബർ 4 ന് ക്രമീകരിച്ചിരിക്കുന്നു.

*(C) ഗോവ യാത്ര 2026 ഒക്ടോബർ 16, ഒക്ടോബർ 23, ഒക്ടോബർ 30, നവംബർ 6, നവംബർ 13, നവംബർ 20:* സെന്റ് ഫ്രാൻസിസ് സേവ്യറുടെ പൂജ്യ ശരീരം ദർശിക്കാൻ സാധിക്കുന്ന ഗോവ യാത്ര മുകളിൽ നൽകിയിരിക്കുന്ന ദിവസങ്ങളിൽ പുറപ്പെടുന്നു. ഒക്ടോബർ 23 ബാച്ചിൽ ഏതാനും സീറ്റുകൾ മാത്രം ബാക്കി.

*(D) മറ്റു യാത്രകൾ:* തീർത്ഥാടന യാത്രകൾക്ക് പുറമെ വിനോദ സഞ്ചാര ആത്മീയ അനുഭവം സമന്വയിപ്പിക്കുന്ന യാത്രകളും സംഘടിപ്പിക്കുന്നു: ഡൽഹി, ആഗ്ര, അമൃത്സർ യാത്ര, ദുബായ് യാത്ര, സിംഗപ്പൂർ, മലേഷ്യ യാത്ര, വിയറ്റ്നാം യാത്ര.

**ബുക്കിംഗ് നടപടിക്രമം**

യാത്രയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെപ്പറയുന്ന വിവരങ്ങൾ അയച്ച് മുൻകൂർ ബുക്കിംഗ് നടത്താവുന്നതാണ്: യാത്രയുടെ പേര്, വ്യക്തിയുടെ പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ മുതലായവ നിർദേശിച്ചിരിക്കുന്ന ഔദ്യോഗിക നമ്പറിലേക്ക് മുകളിൽ പറയുന്ന വിവരങ്ങൾ അയയ്ക്കുക - PH: 9447008376.

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, സെന്റ് അൽഫോൻസ ടൂർസ് & പിൽഗ്രിമേജ്സ

# ഇൻഫാം

ഇൻഫാമിന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ പ്രവർത്തനങ്ങളും പരിപാടികളും വിജയകരമായി നടന്നുവരുന്നു. സംഘടനയുടെ വളർച്ചയ്ക്കും അംഗങ്ങളുടെ ഏകോപനത്തിനും സഹായിച്ച പ്രധാന പ്രവർത്തനങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു:

## ഇൻഫാം യോഗം

ഓഗസ്റ്റ് മാസം 7 തീയതി കാർഷിക ജില്ല എക്സിക്യൂട്ടീവ് യോഗീ ഇൻഫാം ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങരയുടെ നേതൃത്വത്തിൽ നടന്നു.

ഇൻഫാം കിസാൻ ഫെയർ ട്രേഡ് പ്രീമിയം കർഷകർക്ക് അർഹിച്ച നേട്ടത്തിന്റെ മധുരം കർഷകരുടെ ഉൽപ്പന്നങ്ങൾ കിസാൻ ഫാക്ടറിലൂടെ വിറ്റഴിച്ചു അതിന്റെ ലാഭവിഹിതം ഉത്പാദകർക്ക് തന്നെ ലഭിക്കുന്ന ഇത്തരം മുന്നേറ്റങ്ങൾ കേരളത്തിലെ കാർഷിക മേഖലയ്ക്ക് പ്രതീക്ഷയും കരുത്തും പകരുന്നു.

## കർഷകരാവ്

ചിങ്ങം ഒന്നിന് ഇൻഫോമിന്റെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളിയിൽ സംഘടിപ്പിച്ച കർഷകരാവിൽ പ്രതിനിധികൾ പങ്കുചേർന്നു. എസ് എസ്എൽസി, പ്ലസ് വൺ, പ്ലസ് ടു പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ വിദ്യാർഥികൾക്ക് ഇൻഫാമിന്റെ വകയായി സ്വർണ്ണ കോയിനുകളും അതുപോലെ 5000 രൂപ വിലമതിക്കുന്ന ഗിഫ്റ്റുകളും നൽകുകയുണ്ടായി. ഏറ്റവും നന്നായി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന താമരശ്ശേരി രൂപതയ്ക്ക് ലഭിച്ച കിസാൻ എക്സിക്യൂട്ടീവ് അവാർഡ് മലബാർ മേഖലയുടെ ഡയറക്ടർ ആയ ഫാ. ജോസ് പെണ്ണാപറമ്പിൽ കർഷകരാവിൽ ഏറ്റുവാങ്ങി.

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, ഇൻഫാം



# യേശുനിധി

2026 ജൂലൈ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

## Education

| | | |
|---|---|---|
| 1 | Chippilithode | 10,000.00 |
| 2 | Kakkadampoil | 10,000.00 |
| 3 | Kallanode | 15,000.00 |
| 4 | Kodanchery | 15,000.00 |
| 5 | Koodaranji | 15,000.00 |
| 6 | Kunnamangalam | 5,000.00 |
| 7 | Malaparamba | 10,000.00 |
| 8 | Maruthomkara | 15,000.00 |
| 9 | Maruthomkara | 15,000.00 |
| 10 | Nenmeni | 10,000.00 |
| 11 | PT Chacko Nagar | 8,000.00 |
| 12 | Pushpagiri | 10,000.00 |
| 13 | Puthuppady | 8,000.00 |
| 14 | Thottumukkam | 10,000.00 |

## Home

| | | |
|---|---|---|
| 15 | Chundathumpoil | 15,000.00 |
| 16 | Manjuvayal | 15,000.00 |
| 17 | Thamarassery | 15,000.00 |
| 18 | Thottumukkam | 15,000.00 |

## Medical

| | | |
|---|---|---|
| 19 | Chippilithode | 15,000.00 |
| 20 | Chippilithode | 12,000.00 |
| 21 | Kalkundu | 12,000.00 |
| 22 | Kannoth | 12,000.00 |
| 23 | Karimbu | 15,000.00 |
| 24 | Karuvarakundu | 15,000.00 |
| 25 | Kodanchery | 15,000.00 |
| 26 | Kuliramutty | 15,000.00 |
| 27 | Mailellampara | 12,000.00 |
| 28 | Mailellampara | 12,000.00 |
| 29 | Malappuram | 15,000.00 |
| 30 | Padathukadave | 15,000.00 |
| 31 | Panamplave | 15,000.00 |
| 32 | Pushpagiri | 12,000.00 |
| 33 | Thamarassery | 15,000.00 |
| 34 | Theyyappara | 10,000.00 |
| 35 | Vayalada | 20,000.00 |
| 36 | Vettilappara | 15,000.00 |
| 37 | Vilangad | 15,000.00 |

## Miscellaneous

| | | |
|---|---|---|
| 38 | Mailellampara | 20,000.00 |
| | **Total** | **5,03,000.00** |

ഫാ. ജോർജ് മുണ്ടനാട്ട്
ഫിനാൻസ് ഓഫീസർ



# അജപാലനകുറിപ്പുകൾ

## ജൂലൈ

26 കുറ്റിപ്പുറം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

27 രാവിലെ, പുതുപ്പാടി സെന്റ് ഫിലിപ്പ് നേരി സന്യാസിനി സമൂഹ ജനറലേറ്റ് കപ്പേളയിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

രാവിലെ, ഊരകം അൽഫോൻസ സ്കൂളിൽ, അൽഫോൻസാ ദിനത്തോടനുബന്ധിച്ചു സംഘടിപ്പിച്ച ആഘോഷ പരിപാടിക്ക് അധ്യക്ഷത വഹിച്ച് സന്ദേശം നൽകി.

വൈകുന്നേരം, പൂഴിത്തോട് ഇടവക ദേവാലയത്തിൽ, മതാധ്യാപകർക്കായുള്ള പവർസെൽ പരിപാടിയിൽ പങ്കെടുത്തവർക്ക് ക്ലാസ് എടുത്തു.

28 രാവിലെ, ഇരൂട് അൽഫോൻസാ കോൺവെന്റ് കപ്പേളയിൽ, ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹ അംഗം പരേതയായ സി. ലൂയിസ് ലാറ്റോ എഫ് സി സി ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

രാവിലെ, പീടികപ്പാറ സെന്റ് അൽഫോൻസാ ദേവാലയത്തിൽ, അൽഫോൻസാ ദിനത്തോടനുബന്ധിച്ച് തിരുനാൾ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

ഉച്ചയ്ക്ക്, കേരള വനം വകുപ്പ് മന്ത്രി ശ്രീ ഷിബു ബേബി ജോണിനെ രൂപതാ ഭവനിൽ സ്വീകരിച്ചു.

ഉച്ചകഴിഞ്ഞ്, വേനപ്പാറ ലിറ്റിൽ ഫ്ളവർ യുപി സ്കൂളിൽ, ജൈവവൈവിധ്യ പാർക്കിന്റെയും 'വിദ്യാവന'ത്തിന്റെയും ഉദ്ഘാടന പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുത്തു. കേരള

വനം വകുപ്പ് മന്ത്രി ശ്രീ ഷിബു ബേബി ജോൺ, തിരുവമ്പാടി എം എൽ എ ശ്രീ. സി കെ കാസിം എന്നിവർ സന്നിഹിതരായിരുന്നു.

29 രാവിലെ, മരുതോങ്കര ഫൊറോന ദേവാലയത്തിൽ, ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

രാവിലെ, പാലേരിയിൽ, ഊരാളുങ്കൽ ലേബർ കോഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ പരേതനായ രമേഷ് പാലേരിക്ക് അന്തിമോപചാരം അർപ്പിച്ചു.

രാവിലെ, നരിനടയിലുള്ള റിവേറ സ്ഥാപനത്തിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. പേരാമ്പ്ര എം എൽ എ അഡ്വ. ഫാത്തിമ തെഹ്ലിയ സന്നിഹിതയായിരുന്നു.

ഉച്ചകഴിഞ്ഞ്, ഇരൂട് അൽഫോൻസാ കോൺവെന്റ് കപ്പേളയിൽ, ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹ അംഗമായ പരേതയായ സി. ജ്യോതിസ് കല്ലിടുക്കിൽ എഫ് സി സി യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

വൈകുന്നേരം, കോരങ്ങാട് അൽഫോൻസാ സ്കൂളിൽ, താമരശ്ശേരി രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർക്കായി സംഘടിപ്പിച്ച വിയാനി ദിനാചരണ പരിപാടികളിൽ പങ്കെടുത്തു.

30 രാവിലെ, തലശ്ശേരി അതിരൂപതയിലെ ആയന്നൂർ ഇടവക ദേവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും, തുടർന്ന്, പ്രസ്തുത ഇടവകയിൽ സെന്റ് ഫിലിപ്പ് നേരി സന്യാസിനി സമൂഹം പുതുതായി നിർമ്മിക്കുന്ന മഠത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവഹിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, ഈരൂട് സെന്റ് അൽഫോൻസ കോൺവെന്റിനോട് ചേർന്ന് നിർമ്മിച്ച സിമിത്തേരിയും കപ്പേളയും വെഞ്ചരിച്ചു.

വൈകുന്നേരം, ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ വിശ്രമത്തിൽ കഴിയുന്ന വൈദികരെ സന്ദർശിക്കുകയും വിയാനി ദിനത്തിന്റെ

മംഗളങ്ങൾ നേർന്നുകൊണ്ട് സമ്മാനങ്ങൾ കൈമാറുകയും ചെയ്തു.

## ഓഗസ്റ്റ്

1-2 കല്യാൺ അതിരൂപതയുടെ പനവേലിലുള്ള ആനിമേഷൻ ആൻഡ് റിന്യൂവൽ സെന്റർ ഹാളിൽ നടന്ന കത്തോലിക്ക കോൺഗ്രസിന്റെ പ്രഥമ നാഷണൽ കോൺഫറൻസിൽ പങ്കെടുത്തു.

2 രാവിലെ, പനവേലിലുള്ള ആനിമേഷൻ ആൻഡ് റിന്യൂവൽ സെന്റർ ഹാളിൽ, കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് ഉദ്ഘാടനം ചെയ്ത കത്തോലിക്ക കോൺഗ്രസിന്റെ പ്രഥമ നാഷണൽ കോൺഫറൻസിന്റെ സമാപന സമ്മേളനത്തിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു സംസാരിച്ചു. മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, മാർ ജോസഫ് അരുമച്ചാടത്ത്, മാർ തോമസ് പാടിയത്ത് എന്നിവരും സന്നിഹിതരായിരുന്നു.

3-7 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ, മേൽപ്പട്ടക്കാർക്കായി കെ സി ബി സി സംഘടിപ്പിച്ച ധ്യാനത്തിൽ പങ്കെടുത്തു.

8-10 പഞ്ചാബിലുള്ള താമരശ്ശേരി രൂപതയുടെ മിഷൻ സെന്ററും അവിടെ ശുശ്രൂഷ ചെയ്യുന്ന വൈദികരെയും സന്ദർശിച്ചു.

9 രാവിലെ, പഞ്ചാബിലെ തപ്പയിലുള്ള അൽഫോൻസാ ദൈവാലയത്തിൽ 8 പേർക്ക് ആദ്യ കുർബാന നൽകി.

11 രാവിലെ, അമ്പായത്തോട് സ്നേഹനിവാസ് കപ്പേളയിൽ, വിശുദ്ധ ക്ലെയറിന്റെ തിരുനാളിനോടനുബന്ധിച്ച് വി.കുർബാന അർപ്പിച്ചു.

വൈകുന്നേരം, ചെലവൂർ സി എസ് ടി പ്രവിശ്യാഭവനിൽ, കോട്ടയം സെമിനാരി-1987 ബാച്ച് ഗാതറിംഗിൽ പങ്കെടുത്തു.

12 രാവിലെ, താമരശ്ശേരി കത്തീഡ്രലിൽ, ബാച്ചുകാരായ മൂന്ന് മെത്രാന്മാരോടും (മാർ സ്റ്റീഫൻ ചിറപ്പണത്ത്, മാർ പോൾ ആലപ്പാട്ട്, ആന്റണി മാർ സിൽവാനോസ്) 25 വൈദികരോടും ചേർന്ന് സമൂഹബലി അർപ്പിച്ചു.

13 രാവിലെ, രൂപതാ ഭവനിൽ, പത്താമത് കോളേജ് ഓഫ് എപ്പാർക്കിയൽ കൺസൾട്ടേഴ്സിന്റെ പതിമൂന്നാമത് യോഗത്തിൽ പങ്കെടുത്ത് ചർച്ചകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, മഞ്ഞുവയൽ ഇടവക ദേവാലയത്തിൽ, മതാധ്യാപകർക്കായുള്ള പവർസെൽ പരിപാടിയിൽ പങ്കെടുത്തവർക്ക് ക്ലാസ് എടുത്തു.

വൈകുന്നേരം, രൂപതാ ഭവനിൽ, വിദേശത്ത് ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന, അവധിയിൽ വന്നിരിക്കുന്ന രൂപത വൈദികർക്കും പുതുതായി ശുശ്രൂഷയ്ക്കായും പഠനത്തിനായും പോകുന്ന വൈദികർക്കും നൽകിയ അത്താഴവിരുന്നിൽ പങ്കെടുത്തു.

വൈകുന്നേരം, പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട് പുതുതായി ഇറങ്ങിയ വിജ്ഞാപനത്തെ ആസ്പദമാക്കി സ്വീകരിക്കേണ്ട സമീപനത്തെക്കുറിച്ച് പശ്ചിമഘട്ട സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്ത് പ്രസിഡണ്ടുമാരേയും മെമ്പർമാരേയും ഉൾപ്പെടുത്തി സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

14 രാവിലെ, രൂപതാ ഭവനിൽ, യുണൈറ്റഡ് ക്രിസ്ത്യൻ പ്രയർ ഫോർ ഇന്ത്യ സംഘടനയുടെ യോഗത്തിൽ പങ്കെടുത്തു. മാവേലിക്കര രൂപതയുടെ മുൻ മെത്രാൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് സന്നിഹിതനായിരുന്നു.

വൈകുന്നേരം, മാങ്കാവ് ഇടവക ദേവാലയത്തിൽ, പോപ്പുലർ മിഷൻ ധ്യാന സമാപനത്തിൽ സന്ദേശം നൽകി.

വൈകുന്നേരം, ഈരൂട് അൽഫോൻസാ കോൺവെന്റ് കപ്പേളയിൽ, ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹ അംഗം പരേതയായ സി. മേരി ജോർജ് എഫ് സി സി ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

15 രാവിലെ, തൃശ്ശൂർ അതിരൂപതയിലെ പെരിങ്ങോട്ടുകര സെന്റ് മേരിസ് ദേവാലയത്തിൽ, ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

വൈകുന്നേരം, ഊരകം അൽഫോൻസാ സ്കൂളിൽ, സ്കൂൾ മാനേജ്മെന്റിന്റെ എക്സിക്യൂട്ടീവ് യോഗത്തിൽ പങ്കെടുത്തു.

16 രാവിലെ, അൽഫോൻസ മൈനർ സെമിനാരി ഉപകാരികളുടെ സംഗമത്തിൽ സംബന്ധിക്കുന്നവർക്കായി, രൂപതാ ഭവനിലെ ജോൺപോൾ II ഓഡിറ്റോറിയത്തിൽ സജ്ജീകരിച്ച അൾത്താരയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന സംഗമത്തിന് അധ്യക്ഷത വഹിച്ച് സംസാരിച്ചു.

വൈകുന്നേരം, പുല്ലൂരാംപാറ ഇടവകയിൽ, പരേതയായ പൈമ്പിള്ളിൽ ഏലമ്മയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം, മിസ്സിസാഗോ രൂപത മെത്രാൻ അഭി. മാർ ജോസ് കല്ലുവേലിൽ പിതാവിനെ രൂപതാ ഭവനിൽ സ്വീകരിച്ചു. തുടർന്ന്, അഭി. പിതാവ് രൂപതാ ഭവനിൽ വിശ്രമിക്കുകയും ചെയ്തു.

17-28 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ, സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

## ഈ പുഞ്ചിരി മാഞ്ഞിട്ട് ഒരു വർഷം



**മാർ ജേക്കബ് തൂങ്കുഴി**

(താമരശ്ശേരി രൂപതയുടെ മുൻ മെത്രാൻ)

ജനനം : 13.12.1930 | മരണം : 17.09.2025

THAMARAMOTTUKAL

Registered with Registrar of Newspapers of India

RN No. 71212/99 - Date of Publication 31.08.2026




6-ാം ചരമ വാർഷികം

# മാർ പോൾ ചിറ്റിലപ്പിള്ളി

06.09.2026


Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor,
Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673573.
Printed at Alphonsa Offset Press, Near Cathedral Thamarassery, Published at Thamarassery.
Editor: Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 28, Issue 09, September 2026, Pages 64